കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ആലത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ (പികെഡി)- പി10/1419/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ (പികെഡി)- പി10/1419/23 തീയ്യതി: 17/10/2023

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2022 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രാം മനോഹർ വി.കെ	ഡെപ്യൂട്ടി ഡയറക്ടർ	05-08-2023	16-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2023	16-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസ്മിത.കെ.വി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനില.സി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആതിര.എച്ച്.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വിനി.ടി.കെ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.ഷൈനി.എ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.അജിത്ത് പ്രസാദ്.ടി.എൽ	സെക്രട്ടറി	01-04-2022	06-05-2022
ശ്രീമതി.ആശാദേവി സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-05-2022	30-06-2022
ശ്രീ.സുരേഷ് സാമുവൽ	സെക്രട്ടറി	01-07-2022	30-09-2022
ശ്രീ.ഷാജഹാൻ.ഇ	സെക്രട്ടറി	01-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രശ്മി.എം.വി	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.ഷമിത.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ഡോ.സുവിമോൾ.വി.വി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	13-04-2022
ഡോ.ബിന്ദു പി നായർ	മെഡിക്കൽ ഓഫീസർ, ഹോമിയോ	14-04-2022	31-03-2023
ഡോ.അനശ്രീ.	വെറ്റിനറി സർജൻ	01-04-2022	09-10-2022
ഡോ.കിഷോർ മാത്യൂ	വെറ്റിനറി സർജൻ	10-10-2022	31-03-2023
ശ്രീമതി.ആലീസ് സെബാസ്റ്റ്യൻ	ഹെഡ് മിസ്ട്രസ്	01-04-2022	28-06-2022
ശ്രീ.മനോജ്.കെ	ഹെഡ് മാസ്റ്റർ	29-06-2022	31-03-2023
ശ്രീ.സുവിൻ എസ്	വി.ഇ.ഒ	01-04-2022	26-08-2022
ശ്രീമതി.രഹിത.എൻ	വി.ഇ.ഒ	27-08-2022	31-03-2023
ശ്രീമതി.ഉമൈബ എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	29-03-2023
ശ്രീ.ചൻസൂർ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	30-03-2023	31-03-2023
മന്ദ ചന്ദ്രൻ	അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ.ഫിഷറീസ്	01-04-2022	31-03-2023
ഡോ.ഫ്ലെമി ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2022	19-04-2022
ഡോ.അജയകുമാർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	20-04-2022	23-05-2022
ഡോ.ഫ്ലെമി ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	24-05-2022	13-11-2022
ഡോ.ചിത്രമോൾ.സി.	മെഡിക്കൽ ഓഫീസർ,	14-11-2022	23-11-2022

	പി.എച്ച്.സി		
ഡോ.ഫ്ലെമി ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	24-11-2022	09-12-2022
ഡോ.ബിജോയ്കുമാർ.പി.കെ.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	10-12-2022	31-01-2023
ഡോ.ഫ്ലെമി ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-02-2023	25-02-2023
ഡോ.അജയകുമാർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	26-02-2023	31-03-2023
ഡോ.സന്തോഷ്.കെ.കെ.	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2022	28-06-2022
ഡോ.മായാറോഷ്നി.എ.ആർ.	മെഡിക്കൽ ഓഫീസർ ആയുർവേദം	29-06-2022	31-03-2023
ശ്രീമതി ഷബീബ.പി.കെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	28-11-2022
ശ്രീമതി സൗമ്യ.എം.എസ്.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	29-11-2022	04-01-2023
ശ്രീമതി നിമിഷമോൾ.വി.പി.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	05-01-2023	31-03-2023
ശ്രീ ഐബി.സി.ബി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	26-04-2022
ശ്രീമതി.ആശാദേവി സി	അസിസ്റ്റന്റ് സെക്രട്ടറി	27-04-2022	18-10-2022
ശ്രീ ശ്യാം.എസ്.എൽ	അസിസ്റ്റന്റ് സെക്രട്ടറി	19-10-2022	28-10-2022
ശ്രീ പ്രദീഷ്.പി.പി.	അസിസ്റ്റന്റ് സെക്രട്ടറി	29-10-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല	1-1-2
4	ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല	1-1-4
6	ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല	1-1-5
7	വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-6
8	സംയുക്തപ്രോജക്ടുകളുടെ മുൻവർഷത്തെ നീക്കിയിരുപ്പ് 2022-23 ൽ മുന്നിരുപ്പായി ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക മുൻകൂറായി രേഖപ്പെടുത്തിയിട്ടില്ല	1-1-8
10	മുന്നിരിപ്പ് തുകയും മുൻവർഷത്തെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-9
11	ഇൻവെസ്റ്റ്മെന്റ് -ഷെയർ- രേഖകളൊന്നും ലഭ്യമല്ല	1-1-10
12	ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ക്യാഷ് കളക്ഷൻ തുക ഡേ ബുക്ക് പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-11
13	ബാങ്കിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-12
14	കാർഡ് പേയ്മെന്റ് , ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസം.	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
17	ഫണ്ട് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	തൊഴിലുറപ്പു പദ്ധതി	1-6
20	ക്ഷേമപെൻഷൻ	1-7
21	ക്യാഷ് പരിശോധന	1-8
22	ആഭ്യന്തരനിയന്ത്രണം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-11
25	ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്	1-11-1

26	ചട്ടപ്രകാരം ഈടാക്കാവുന്ന പരാമാവധിയിലും അധികം ലൈസൻസ് ഫീസ് ഈടാക്കി	1-11-2
27	ലൈസൻസ് ചട്ടങ്ങളിലെ ഒന്നാം പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല	1-11-3
28	ലൈസൻസ് ഫീസിന്റെ തൻവർഷ വരവ്,അഡ്വാൻസ് കളക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-11-4
29	ലൈസൻസി നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യേണ്ടതാണ്	1-11-5
30	കടമുറികളുടെ വാടക	1-12
31	വാടകകൃടിശ്ശികയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.	1-12-1
32	വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ വാടകവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-12-2
33	ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്.	1-12-3
34	വസ്തുനികുതി നിർണ്ണയം അപാകതകൾ	1-13
35	വസ്തുനികുതി കുറവായി ഈടാക്കി.	1-13-1
36	ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതിനുശേഷവും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു	1-13-2
37	വസ്തുനികുതി പരിഷ്കരണം 2023-അവലോകനം	1-13-3
38	വെള്ളക്കരം ഈടാക്കൽ അപാകതകൾ	1-14
39	വെള്ളക്കരം കൃടിശ്ശിക ഈടാക്കിയിട്ടില്ല.	1-14-1
40	വാട്ടർചാർജ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-14-2
41	ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ക്യാഷ് കളക്ഷൻ തുക ഡേ ബുക്ക് പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു	1-15
42	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളുടെ പരിശോധന	1-16
43	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ) സമയബന്ധിതമായി തയ്യാറാക്കുന്നില്ല	1-16-1
44	ബാങ്കിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിരിക്കുന്നു	1-16-2
45	കാർഡ് പേയ്മെന്റ് , ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസം	1-16-3
46	പണം പിൻവലിക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-17
47	ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ള തുക ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ	1-17-1

	ചെക്ക് പ്രകാരമുള്ള തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു	
48	ചെക്ക് എഴുതി പണം പിൻവലിച്ചശേഷം വൗച്ചർ തയ്യാറാക്കുന്നു	1-17-2
49	ക്ലബുകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല	1-18
50	എസ്.എസ്.കെ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല	1-19
51	സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകങ്ങൾ	1-20
52	അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല	1-21
53	കട്ടിൽ മുഴുവനും വിതരണം ചെയ്തിട്ടില്ല.	1-22
54	ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-23
55	നെറ്റ് സീറോ കാർബൺ പഞ്ചായത്ത് - തുടർപ്രവർത്തനം അറിയിക്കേണ്ടതാണ്	1-24
56	ജൈവവളം വിതരണം- സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല	1-25
57	ഫലവൃക്ഷത്തൈ വിതരണം- സബ്സിഡി തുക അധികം നൽകി	1-26
58	കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-27
59	വാഹനം വാങ്ങൽ - Gem മുഖേന നടത്തിയിട്ടില്ല	1-28
60	മുൻകൂർ ക്രമീകരിച്ചിട്ടില്ല	1-29
61	കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല	1-30
62	മാലിന്യ സംസ്കരണ സംവിധാനങ്ങൾ	1-31
63	തെരുവു വിളക്ക് പരിപാലനം	1-32
64	കുടിവെള്ള വിതരണം	1-33
65	മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല	1-34
66	ഇ ടെണ്ടർ ഫോം വില- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല	1-35
67	മരാമത്ത് പ്രവൃത്തികൾ -പദ്ധതി മാർഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്	1-36
68	പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-37
69	ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്	1-38
70	ലാപ്ടോപ് വാങ്ങൽ - അപാകതകൾ	1-39
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ഫലവൃക്ഷത്തൈ വിതരണം- സബ്സിഡി തുക അധികം നൽകി	3-1
ഭാഗം **4**		

1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.7.23 കമ്മിറ്റി തീരുമാനം 1 പ്രകാരം തയ്യാറാക്കി 26.7.2023. തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആലത്തൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്. 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 17-10-2023

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2596882/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2033251/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ സാമ്പത്തിക വർഷ അവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-5 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. വസ്തുനികുതി, തൊഴിൽ നികുതി.

1-1-6 വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിലെ തുകകളും രജിസ്റ്ററിലെ കൂടിശ്ശിക തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
ഉദാഹരണം-
1. വാട്ടർ ചാർജ്
2. ലൈസൻസ്

1-1-7 സംയുക്തപ്രൊജക്ടുകളുടെ മുൻവർഷത്തെ നീക്കിയിരുപ്പ് 2022-23 ൽ മുന്നിരുപ്പായി ഉൾപ്പെടുത്തിയിട്ടില്ല

സംയുക്തപ്രൊജക്ടുകളുടെ മുൻവർഷത്തെ നീക്കിയിരുപ്പ് തുക Capital Contribution എന്ന ഹെഡിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നിലവിലും ചെലവഴിക്കപ്പെടാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പായി ഉൾപ്പെട്ടിട്ടില്ല

1-1-8 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക മുൻകൂറായി രേഖപ്പെടുത്തിയിട്ടില്ല

വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കിന് മുൻകൂറായി നൽകിയ 999992/- രൂപയും 196423/- രൂപയും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലെങ്കിലും ബാലൻസ് ഷീറ്റിൽ (B-18) മുൻകൂറായി രേഖപ്പെടുത്തിയിട്ടില്ല.

1-1-9 മുന്നിരിപ്പ് തുകയും മുൻവർഷത്തെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്ത് ഫണ്ട് - മുൻവർഷത്തെ നീക്കിയിരുപ്പ് തുകയും 2022-23 ലെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല.

1-1-10 ഇൻവെസ്റ്റ്മെന്റ് -ഷെയർ- രേഖകളൊന്നും ലഭ്യമല്ല

Investment എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 2000/- രൂപയ്ക്ക് ഉപോൽബലകമായി രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

1-1-11 ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ക്യാഷ് കളക്ഷൻ തുക ഡേ ബുക്ക് പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു

30.03.2023 തീയതിയിലെ ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ആകെ കൗണ്ടർ കളക്ഷൻ 2,46,894 രൂപയാണ്. എന്നാൽ ഡേ ബുക്ക് പ്രകാരം 30.03.2023 തീയതിയിലെ ആകെ ക്യാഷ് കളക്ഷൻ 2,21,550 രൂപയാണ്. 31.03.2023 തീയതിയിൽ തനത് ഫണ്ട് അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ-3580235462, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ) അടവാക്കിയിട്ടുള്ളതും 2,21,550 രൂപയാണ്. ക്യാഷ് ബുക്കിൽ 25,344രൂപ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-12 ബാങ്കിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിരിക്കുന്നു.

കാർഡ് പേയ്മെന്റ് നടത്തുന്നതിനായുള്ള HDFCബാങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-50100299146847) 2023 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 8539 രൂപ (വൗച്ചർ നം-10400001 തീയതി-30.03.2023) നിക്ഷേപിക്കപ്പെട്ടിട്ടുള്ള പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ (Cheque Deposited But Not Credited) രേഖപ്പെടുത്തിയിട്ടുണ്ട്. 30.03.2023ന് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ തുക ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

1-1-13 കാർഡ് പേയ്മെന്റ് , ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസം.

ഗ്രാമപഞ്ചായത്തിൽ കാർഡ് പേയ്മെന്റ് നടത്തുന്നതിനായി എച്ച.ഡി.എഫ്.സി ബാങ്കിന്റെ ആലത്തൂർ ശാഖയിലും(അക്കൗണ്ട് നം-50100299146847) ഇ-പേയ്മെന്റ് നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആലത്തൂർ ശാഖയിലും (അക്കൗണ്ട് നം-67361169855) രണ്ട് തനത് ഫണ്ട് അക്കൗണ്ടുകളുണ്ട്. ഈ അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്.

1-2 ബജറ്റ്

25.3.22 തീയതിയിലെ 1(1).തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14.3.23.തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

	ബഡ്ജറ്റ്	പരിഷ്കരിച്ച ബഡ്ജറ്റ്
മുന്നിരിപ്പ്	5275277	6060913
വരവ്	310032000	305565100
ആകെ	315307277	311626013
ചെലവ്	308463000	304852500
നീക്കിയിരുപ്പ്	6844277	6773513

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	10839502
വരവ്	55081147
ആകെ	65920649
ചെലവ്	52484265
നീക്കിയിരിപ്പ്	13436384

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
വികസനഫണ്ട് -ജനറൽ	0	16278000	16278000	15097054	1180946
വികസനഫണ്ട് - എസ്.സി.പി	0	8342000	8342000	6094171	2247829
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	12800000	12800000	6595399	6204601
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	5542000	5542000	4530865	1011135
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക്	1255071	4541000	5796071	1837834	3958237
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി	121203	0	121203	0	121203
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക്	36664	3205116*	3241780	3169967	71813

CFC Untied ൽ പലിശവരവും ഉൾപ്പെട്ടും

കേന്ദ്രാവിഷ്കൃതം

ICDS കേന്ദ്ര വിഹിതം	195	1488364	1488559	639712	848847
സമ്പൂർണ്ണ ശുചിത്വം	399848	0	399848	0	399848
ബഡ്സ് സ്കൂൾ	2038073	583400	2621473	1705365	916108

തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്

എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	32	1445356	1445388	1442765	2623
എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം	0	15675958	15675958	15675958	0
ആകെ	32	17121314	17121346	17118723	2623

അഡ്മിൻ വരവ് ചെലവിൽ 2623 രൂപ പലിശവരവും 68405 രൂപ സർവേ വരവ് ചെലവുമാണ്.

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Health Grant(diagnostic Infrastructure) & Interest	0	333986	333986	329818	4168
Health Grant(Wellnes)-& Interest	0	175400	175400	52571	122829

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതികളുടെ %
188	110310839	135	49546908	72

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	9	9619205	7668830	79.72
വെറ്റിനറി സർജൻ	2	2	250000	250000	100
മെഡിക്കൽ ഓഫീസർ (PHC)	4	4	1117035	889164	79.6

മെഡിക്കൽ ഓഫീസർ (Homoeo)	1	1	350000	350000	100
മെഡിക്കൽ ഓഫീസർ (ISM)	1	1	600000	600000	100
ICDS സൂപർ വൈസർ	9	9	5594140	3841787	68.68
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	60	42	22289169	12701638	56.99
ഹെഡ്മാസ്റ്റർ (GLPS)	10	6	2042520	1426477	69.84
VEO	11	7	29490000	6203476	21.04
അസിസ്റ്റന്റ് എഞ്ചിനീയർ	71	46	36620121	14001052	38.23
ഡയറി ഫാം ഇൻസ്ട്രക്ടർ	3	3	882680	832680	94.34
അസിസ്റ്റന്റ് സെക്രട്ടറി	6	4	1230292	759711	61.75
ഫിഷറീസ്	1	1	225677	22093	9.79
ആകെ	188	135	110310839	49546908	44.92

അംഗീകാരം ലഭിച്ച പദ്ധതികളിൽ എണ്ണം (72 %) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 45 % ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	32	1445356	1445388	1442765	2623
എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം	0	15675958	15675958	15675958	0
ആകെ	32	17121314	17121346	17118723	2623

അഡ്മിൻ വരവ് ചെലവിൽ 2623 രൂപ പലിശവരവും 68405 രൂപ സർവേ വരവ് ചെലവുമാണ്.

1-7 ക്ഷേമപെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	4239800	402
2	വിധവാ പെൻഷൻ	13620300	1295
3	വാർദ്ധക്യകാല പെൻഷൻ	23424500	2359
4	വികലാംഗ പെൻഷൻ	3805200	355
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1010000	93

1-8 ക്യാഷ് പരിശോധന

ആലത്തൂർ ഗ്രാമപഞ്ചാത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2023 തീയ്യതിയിൽ 03.10 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1,00,740/- (ഒരു ലക്ഷത്തി എഴുനൂറ്റി നാൽപ്പത്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വർഷം ലഭ്യമായ ഗ്രാന്റുകളിൽ 55% വും തൻവർഷം ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

നികുതികൾ ചട്ടപ്രകാരം നിർണ്ണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നത് പുതുക്കിയ ചട്ടത്തിലെ വ്യവസ്ഥകൾ പരിഗണിച്ചായിരിക്കണം. വാട്ടർ ചാർജ് കുടിശ്ശിക കൃത്യമായി കണക്കാക്കി പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക വൈകി ഒടുക്കുന്നവരിൽ നിന്നും നിയമാനുസൃതം പിഴ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിനായി മറ്റ് സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും തുക കൈമാറുമ്പോൾ കരാർ ഉണ്ടാക്കുകയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുകയോ ജലജീവൻ മിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.
മുൻകൂറായി തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാകാത്തതിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കാർഷികമേഖലയിൽ ധനസഹായം അനുവദിക്കുമ്പോൾ മാർഗരേഖയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഗുണഭോക് തൃവിഹിതം ഉൾപ്പെടുത്തി മാത്രം പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് ജെം മുഖേന വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൌണ്ടന്റ് ജനറലിന്റെ 2008-09 മുതൽ 2012-13 വരെയുള്ള ഓഡിറ്റ് ആണ് പൂർത്തിയാക്കിയിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക ഭാഗം II (ബി)(2) ഒഴികെയുള്ള എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് ഡിസംബർ 2022 വരെ 27.1.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

1-11 ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-11-1 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പട്ടിക II പ്രകാരം 5 കോടി രൂപയിൽ കൂടുതൽ മൂലധനനിക്ഷേപമുള്ള സേവനമേഖലയിൽപ്പെട്ട ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് 15000 രൂപയാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്ന് 10000രൂപയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ലൈസൻസ് നമ്പർ & തീയതി	ലൈസൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം/മേഖല (അപേക്ഷ പ്രകാരം)	ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്
സി2-2140/2022-23-331 തീയതി	എ.ഉസ്മാൻ, ക്രസന്റ് ഹോസ്പിറ്റൽ, ആലത്തൂർ	8 കോടി സേവനമേഖല	15000	10000

ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന ഫീസ് 10000 രൂപയായി പഞ്ചായത്ത് സമിതി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (12/9.08.2023) നൽകിയതിന് പരമാവധി ഫീസ് ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന ഫീസ് 10000 രൂപയായി പഞ്ചായത്ത് സമിതി നിശ്ചയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. പരമാവധിയിൽ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് ഭരണസമിതിക്ക് സ്ളാബ് നിശ്ചയിക്കാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതി സ്ലാബ്

നിശ്ചയിക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള പരമാവധി ഫീസ് തന്നെ ഈടാക്കേണ്ടതാണ്.

1-11-2 ചട്ടപ്രകാരം ഈടാക്കാവുന്ന പരാമാവധിയിലും അധികം ലൈസൻസ് ഫീസ് ഈടാക്കി

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പട്ടിക II പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസിലും അധികം ഫീസ് ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ലൈസൻസ് നമ്പർ & തീയതി	ലൈസൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം/ മേഖല (അപേക്ഷ പ്രകാരം)	ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്
1	സി-2/2022-23-250 തീയതി-01.04.2022	രജിത്.പി.ആർ, പുളിക്കൽ ടയേഴ്സ്,ആലത്തൂർ (ടയർ&ട്യൂബ് കട)	4,00,000 സേവന മേഖല	500	1000
2	സി2-2279/22-23/593 തീയതി-13.07.2022	ബിന്ദു.സി, നില ബ്യൂട്ടി പാർലർ, ആലത്തൂർ	5,50,000 സേവന മേഖല	500	1000

ചട്ടപ്രകാരമല്ലാതെ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല . നിയമാനുസൃതം മാത്രം ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11-3 ലൈസൻസ് ചട്ടങ്ങളിലെ ഒന്നാം പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം സർക്കാരിന് അതിന്റെ അഭിപ്രായത്തിൽ സ്ഥാപനങ്ങളെ ഫാക്ടറികൾ, വ്യാപാരങ്ങൾ ,സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിങ്ങനെ വർഗ്ഗീകരിക്കേണ്ടതുണ്ടെങ്കിൽ ഈ ചട്ടങ്ങളോട് ചേർന്ന ഒന്നാം പട്ടികയിൽ അപ്രകാരം സൂചിപ്പിക്കാവുന്നതാണ്. പട്ടിക 1 ക്രമനമ്പർ 139 പ്രകാരം അബ്കാരി ഷാപ്പുകൾ , ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർവിവരം അറിയിക്കേണ്ടതുമാണ്.

1-11-4 ലൈസൻസ് ഫീസിന്റെ തൻവർഷ വരവ്,അഡ്വാൻസ് കളക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1.ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ അഡ്വാൻസ് കളക്ഷൻ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ 2022-23 വർഷത്തെ ലൈസൻസ് ഫീസിന്റെ അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിട്ടുള്ളത് 408500 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ (RP-35 Other Liabilities, കോഡ്-350410301) അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിട്ടുള്ളത് 399,500രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. ലൈസൻസ് ഫീസിന്റെ തൻവർഷ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ (RP-45 Sundry Debtors (Receivables), കോഡ്-431300101) Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Current) ശീർഷകത്തിൽ 273,900രൂപയാണ് ലൈസൻസ് ഫീസിന്റെ തൻവർഷ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ 267400രൂപയാണ് (593100-325700 Advance) ഈ ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-11-5 ലൈസൻസി നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതൊരു ലൈസൻസുകാരനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്.

(I) ലൈസൻസുകാരൻ ഏതൊരു പ്രവർത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.

(Ii) സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.

(Iii) ലൈസൻസുകാരൻ ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ എല്ലാ ഭാഗവും മേൽപറഞ്ഞ പുരയിടത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ ചപ്പുചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായും കേടുപാട് തീർത്തും വയ്ക്കേണ്ടതാണ്.

(Iv) ലൈസൻസുകാരൻ, മേൽപറഞ്ഞ പുരയിടത്തിലോ, അതിനോട് ചേർന്നതോ ആയ ഓവുചാലും അഴുക്കു ജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായും കേടുപാടു തീർത്തും വയ്ക്കേണ്ടതാണ്.

(V) ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ ഉള്ള ഏതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥത്ത് പ്രവർത്തിക്കുവാൻ പാടില്ല.

(Vi) ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേരും, ലൈസൻസിന്റെ നമ്പരും, ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി- 12/9.8.23മറുപടിയായി നിർദേശങ്ങൾ പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്)

1-12 കടമുറികളുടെ വാടക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളും സ്റ്റാളുകളും വാടകകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 വാടകകുടിശ്ശികയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

സ്റ്റാളുകൾ ഉൾപ്പെടെ ആകെ 77 കടമുറികളുടെ വാടകവരവാണ് 2022-23 വർഷത്തെ വാടക രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ചുവടെ ചേർത്തിട്ടുള്ള കടമുറികളുടെ വാടക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

ക്രമ നമ്പർ	റൂം/ സ്റ്റാൾ നമ്പർ	വാടകക്കാരന്റെ പേര്/വിലാസം	പ്രതിമാസ വാടക	ജി.എസ്.ടി	ആകെ പ്രതിമാസ വാടക
1	റൂം -8	ശിവദാസൻ, പൊട്ടിമട, വാനൂർ	1040	188	1228
2	സ്റ്റാൾ-20	ജമീല വെങ്ങനാനൂർ	663	120	783
3	സ്റ്റാൾ-21	മുഹമ്മദ് റഫീക്ക്, സ്വാതി നഗർ ആലത്തൂർ	663	120	783
4	സ്റ്റാൾ-26	സതീഷ്, പൊട്ടിമട, വാനൂർ	663	120	783
5	സ്റ്റാൾ-29	ദിവാകരൻ, വാനൂര്	663	120	783
6	സ്റ്റാൾ-30	ചെല്ല, എരിമയൂർ	663	120	783
	ആകെ		4355x12=52260		

മേൽ കടമുറികളുടെ ആകെ പ്രതിമാസ വാടക (ജി.എസ്.ടി ഒഴികെ) 4355(1040+5x663) നിരക്കിൽ ആകെ വാർഷിക വാടക 52260/-രൂപ ഈടാക്കാനവശേഷിക്കുന്നുണ്ട്. എന്നാൽ വാടക രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B15-Rent Receivables From Building(Current) കോഡ്-431400101) എന്നിവ പ്രകാരമുള്ള തൻവർഷ വാടകകുടിശ്ശിക 7956രൂപയാണ്. മേൽ പട്ടികയിലുള്ള വാടകക്കാരിൽ നിന്ന് വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീതി ഹാജരാക്കേണ്ടതും വാടകകുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ള 7956രൂപ ഏതൊക്കെ വാടകക്കാരിൽ നിന്നുമാണ് ഈടാക്കാനുള്ളതെന്നും അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (27/14.08.2023) നൽകിയിരുന്നു. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 31.03.2023 ലെ 2ാംനമ്പർ തീരുമാനപ്രകാരം സ്റ്റാൾ 20,26,29 എന്നിവ ഉപയോഗശൂന്യമായതിനാൽ ഇവ പൊളിച്ചുനീക്കുന്നതിനും 2022-23 സാമ്പത്തിക വർഷത്തെ ടി റൂമുകളുടെ വാടക ഒഴിവാക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതാണെന്നും റൂം നമ്പർ-8 സ്റ്റാൾ-30 എന്നിവ യഥാക്രമം 31.03.2023 തീയതിയിലെ രസീതി നമ്പർ-1220404225, 29.03.2023 തീയതിയിലെ രസീതി നമ്പർ- 1220403959 പ്രകാരം വാടക അടവാക്കിയതായും സ്റ്റാൾ 21 ന്റെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കുന്നത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വാടക കുടിശ്ശികയുടെ കൃത്യത പരിശോധിച്ചുറപ്പുവരുത്തേണ്ടതുമാണ്. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-2 വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ വാടകവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്റർ പ്രകാരമുള്ള 2022-23 വർഷത്തെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ചുവടെ ചേർക്കുന്നു.

ഡിമാന്റ്	കളക്ഷൻ	ബാലൻസ്
22,40,133	22,32,177	7,956

വാർഷിക കണക്കിൽ രേഖപ്പെടുത്തിയ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ

ഡിമാന്റ്	കളക്ഷൻ (RP-45(current))	ബാലൻസ് (B15)
22,40,133	22,04,302	7,956

തൻവർഷത്തെ വാടകയുടെ ഡിമാന്റ് 22,40,133 രൂപയാണ്. ഇതിൽ 22,04,302രൂപ തൻവർഷം ലഭിക്കുകയും ചെയ്താൽ ബാക്കി 35,831രൂപയാണ് തൻവർഷം കുടിശ്ശികയായി ലഭിക്കാനുള്ളത്. 2022-23 വർഷത്തേക്കുള്ള വാടക 2021-22 വർഷത്തിൽ അഡ്വാൻസ് കളക്ഷനായി 65,829രൂപ ലഭിച്ചതായി ട്രയൽബാലൻസിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്(2021-22 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും - RP-36 Other Liabilities, കോഡ്-350410401). അങ്ങനെയാവുമ്പോൾ തൻവർഷത്തെ കളക്ഷൻ തുക ഡിമാന്റിനേക്കാൾ 29,998/-രൂപ കൂടുതലാണ്. എങ്കിൽ എപ്രകാരമാണ് വാടക രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ എന്നിവ പ്രകാരം 7,956രൂപ തൻവർഷ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നത് എന്നും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (27/14.08.2023) മറുപടിയിൽ 2021-22 വർഷം അഡ്വാൻസായി ലഭിച്ച 65,829/-രൂപയിൽ 27,875/-രൂപ തൻവർഷ കളക്ഷനിലേക്കും 37,954/-രൂപ അഡ്വാൻസ് കളക്ഷനിലേക്കും ജേണൽ എൻട്രി വരുത്തിയിട്ടുള്ളതിനാൽ (ആയത് റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടില്ല, എന്നാൽ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നതാണ്) തൻവർഷത്തെ ആകെ കളക്ഷൻ 22,32,177/-രൂപ(22,04,302+27,875) ആണെന്നും ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാലൻസ് 7956/-രൂപ (22,40,133-22,32,177) ലഭിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും ഉള്ള വരവ് തുക പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-12-3 ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സ്റ്റാളുകൾ ഉൾപ്പെടെ ആകെ 77 കടമുറികളാണ് നിലവിലുള്ളത്. ഇതിൽ 71 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 6 കടമുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർവിവരം അറിയിക്കേണ്ടതാണ്.
വാടക സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-13 വസ്തുനികുതി നിർണ്ണയം അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/16.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13-1 വസ്തുനികുതി കുറവായി ഈടാക്കി.

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്, വിലാസം	വിസ്തീർണ്ണം (ച.മീ)/ തരം	നിർണ്ണയിച്ച വസ്തുനികുതി	നിർണ്ണയിക്കേണ്ട വസ്തുനികുതി	പ്രാബല്യം	പ്രതിവർഷ നഷ്ടം
5/1064	മജീദ്മുഹമ്മദ്, കഴനി, കാവശ്ശേരി	104.65 ഷോപ്പുകൾ	104.65x40=4186 ഇളവ് ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്=6%=251.2 വർദ്ധനവ് വഴി സൗകര്യം 20%=837.2 BT=4773 LC=239 SC=96 Total=5108	104.65x50=5232.5 ഇളവ് ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്=6%=313.95 വർദ്ധനവ് വഴി സൗകര്യം 20%=1046.5 BT=5966 LC=298 SC=120 Total=6384	2020 2nd Half	1276
15/1440	സിയാബുദ്ദീൻ.കെ.എ, റാഫിയ.പി.എം, മൂച്ചിക്കാട്, ആലത്തൂർ,	240 ഷോപ്പുകൾ	240x 40=9600 ഇളവ്-ഇല്ല വർദ്ധനവ് വഴി സൗകര്യം 20%=1920 BT=11520 LC=576 SC=231 Total=12327	240 X 50=12000 ഇളവ്-ഇല്ല വർദ്ധനവ് വഴി സൗകര്യം 20%=2400 BT=14400 LC=720 SC=288 Total=15408	2013 1st Half	3081

മേൽ കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തേണ്ടതും അതിന് ബാധകമായ വസ്തുനികുതി കൂടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-13-2 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതിനുശേഷവും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. 01.04.2013 ന് മുമ്പുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ (ARV കെട്ടിടങ്ങൾ) നികുതി നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും തെറ്റുകൾ തുടർന്ന് വരുന്നത് പരിഹരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	കെട്ടിട	വിസ്തീർണ്ണം

നമ്പർ	നമ്പർ	(ച.മീ)
1	3/344	108
2	3/483	101.57
3	5/288/	204.04
4	5/700	141
5	6/352	104.81
6	15/1083/	182
7	15/1108	120
8	16/13	450

2023 ലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/05.08.2023) ലഭ്യമാക്കിയ മറുപടിയിൽ ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളത് തെറ്റായ വസ്തുതയാണ്. ഡാറ്റയിലെ തെറ്റുകൾ പൂർണ്ണമായും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13-3 വസ്തുനികുതി പരിഷ്കരണം 2023-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി പുതുക്കി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവഹിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ ആലത്തൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്വെയർ പ്രകാരം ആലത്തൂർ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലായി 15220 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ, മേഖലകൾ, റോഡുകളുടെ തരംതിരിവ് എന്നിവ നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്ത് കമ്മിറ്റി ശുപാർശയോടെ 20.05.2023 തീയതി കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങളൊന്നും ലഭിക്കാത്തതിനാൽ 27.06.2023 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ നിരക്ക് അന്തിമമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള (2/05.08.2023) മറുപടിയിൽ അന്തിമ വിജ്ഞാപനം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

ആലത്തൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ള 9പേരെ നിയമിക്കുകയും ഇത് സംബന്ധിച്ചുള്ള ടെയിനിങ്ങ് 20.07.2023ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവരശേഖരണം ആരംഭിച്ചിട്ടില്ല. ഉടൻ ആരംഭിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.
ആകെ 64 കെട്ടിടങ്ങളുടെ 9 B ഫോറങ്ങളാണ് കെട്ടിട ഉടമകൾ സ്വമേധയാ സമർപ്പിച്ചിട്ടുള്ളത്.
01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വെള്ളക്കരം ഈടാക്കൽ അപാകതകൾ

വെള്ളക്കരം ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-14-1 വെള്ളക്കരം കുടിശ്ശിക ഈടാക്കിയിട്ടില്ല.

എടാംപറമ്പ്, കാട്ടുശ്ശേരി, പുതിയങ്കം, ഇരട്ടക്കുളം,പെരിങ്ങാട്ട് കുന്ന്, വടക്കേപറമ്പ്, പള്ളിപറമ്പ് എന്നിങ്ങനെ ഏഴ് കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നത്. വാട്ടർചാർജ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ് ഇനത്തിൽ തൻവർഷ കുടിശ്ശിക 13,28,212/- രൂപയും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15, കോഡ്-43130020l) മുൻവർഷങ്ങളിലെ കുടിശ്ശിക 31,01,211/- രൂപയും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15,

കോഡ്-431300202) ചേർത്ത് ആകെ 44,29,423/-രൂപ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/14.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 44,29,423/-രൂപ കുടിശ്ശിക കാലഹരണപ്പെടാതെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-14-2 വാട്ടർചാർജ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാട്ടർചാർജ് രജിസ്റ്റർ പ്രകാരമുള്ള വാട്ടർചാർജിന്റെ തൻവർഷ വരവ് റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 24,42,433രൂപയാണ് തൻവർഷത്തിൽ ലഭിച്ച ആകെ വരവ് . ഇതിൽ 4,14,000/-രൂപ 2023-24 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷനായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം (RP-45,SundryDebtors(Receivables), കോഡ്-431300201) 22,16,353രൂപയാണ് ഈ ഇനത്തിലെ വരവ്. 2023-24 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷനായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള 4,14,000രൂപ റസീപ്റ്റ് & പേയ്മെന്റിൽ (RP-35,Other Liabilities) ഉൾപ്പെട്ടു കാണുന്നുമില്ല. വ്യത്യാസത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ക്യാഷ് കളക്ഷൻ തുക ഡേ ബുക്ക് പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു

30.03.2023 തീയതിയിലെ ക്യാഷ് ബുക്ക് സമ്മറി പ്രകാരമുള്ള ആകെ കൗണ്ടർ കളക്ഷൻ 2,46,894 രൂപയാണ്. എന്നാൽ ഡേ ബുക്ക് പ്രകാരം 30.03.2023 തീയതിയിലെ ആകെ ക്യാഷ് കളക്ഷൻ 2,21,550 രൂപയാണ്. 31.03.2023 തീയതിയിൽ തനത് ഫണ്ട് അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ-3580235462, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ) അടവാക്കിയിട്ടുള്ളതും 2,21,550 രൂപയാണ്. ക്യാഷ് ബുക്കിൽ 25,344രൂപ കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/11.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടി

31.03.2023ലെ ക്യാഷ് ബുക്ക് സമ്മറി പരിശോധിച്ചതിൽ ഈ ദിവസത്തെ ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 24,094രൂപ ഡെബിറ്റിൽ വന്നിട്ടുള്ളതും ആയത് അന്നേ ദിവസം പോസ്റ്റ് ചെയ്യുമ്പോൾ ടി ഹെഡിൽ ക്രെഡിറ്റ് ചെയ്യപ്പെടുകയും ചെയ്ത് ക്രമീകരിക്കുന്നുണ്ട്. ആയതിന്റെ ഫലമായി ടി ദിവസത്തെ ക്ലോസിങ്ങ് ബാലൻസ് ആയി 222800രൂപ എന്ന് ക്യാഷ് ബുക്ക് സമ്മറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 30.03.2023 തീയതിയിൽ രസീതി നമ്പർ-1220404292 (തുക-1250) ക്യാൻസൽ ചെയ്യുന്നതിനായി സെക്രട്ടറിക്ക് റിക്വസ്റ്റ് നൽകുകയും ആയത് 31.03.2023 ന് അപ്രൂവ് ചെയ്തിട്ടുള്ളതുമാണ്. രസീതി ക്യാൻസൽ റിക്വസ്റ്റ് അപ്രൂവ് ചെയ്യുമ്പോൾ ആയത് റിക്വഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുംസ്റ്റഡ് ഡേറ്റിലെ ഡേ ബുക്കിൽ നിന്ന് ക്യാൻസൽ ആയിപ്പോവുകയും 30.03.2023ലെ ഡേ ബുക്ക് കളക്ഷൻ 2,21,550 എന്ന് ശരിയായി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ രസീതി ക്യാൻസലേഷൻ റിക്വസ്റ്റ് മാർച്ച് മാസത്തെ തിരക്ക് കാരണം സെക്രട്ടറി ലോഗിനിൽ 31.03.2023ൽ അപ്രൂവ് ചെയ്തതിനാൽ ടി വ്യത്യാസം 30.03.2023ലെ ക്യാഷ് ബുക്ക് സമ്മറിയിൽ നിലനിൽക്കുകയും ആയത് 31.03.2023ലെ ക്യാഷ് ബുക്ക് ക്രെഡിറ്റ് സൈഡിൽ ക്രമീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതും 30.03.2023,31.03.2023 തീയതികളിലെ ക്യാഷ് ബുക്ക് സമ്മറികൾ പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതാണ്.

31.03.2023ലെ ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 24,094രൂപ ഡെബിറ്റിൽ വന്നിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കപ്പെടുന്നുണ്ടോ എന്നറിയിക്കേണ്ടതുമാണ്.

1-16 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളുടെ പരിശോധന

ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-16-1 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ) സമയബന്ധിതമായി തയ്യാറാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ILGMS(Integrated Local Self-Governance Management System) സോഫ്റ്റ് വെയറിൽ ലഭ്യമായ റീകൺസീലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ 2023 മാർച്ച് മാസത്തിനുശേഷം റീകൺസീലിയേഷൻ നടത്തിയതായി കാണുന്നില്ല.

ALATHUR SCB	10210001007476
CANARA BANK-CONVERSION OF RURAL PHC AND SUB CENTERS	110054930110
CANARABANK -Diagnostic Infrastructure	110054930192
CANARA BANK -HEALTH GRANT FOR BUILDINGLESS CETNERS	110054929920
CANARA BANK NILP	110080369299
Central Bank Of India	3580235462
HDFC	50100358248373
HDFC BANK Card Payment Ownfud	50100299146847
IDBI SBM	0336104000221047
KERALA STATE CO OPERATIVE BANK ALATHUR	000401020000428
SBI MGNREGS Holding Account	00000041752065819
State Bank Of India(E Payment)	67361169855
State Bank Of India	36051250829
State Bank Of India	57046824478
STATE BANK OF INDIA	38058162918
STATE BANK OF INDIA	67011973888
State Bank Of Travancore	57046825234
STATE BANK OF TRAVANCORE	67011946924
Sub Treasury, Alathur	799013000000427
TREASURY	799011400001059
TREASURY	8448001099503

ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2023 ഏപ്രിൽ മാസം മുതലുള്ള പൊരുത്തപ്പെടുത്തൽ പത്രിക (Reconciliation Statement) തയ്യാറാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/11.08.2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നിലവിൽ വന്ന ശേഷം ആദ്യത്തെ വാർഷിക കണക്ക് സമർപ്പിക്കുന്നതിനും കണക്കുകൾ കൃത്യത വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി 26.07.2023 തീയതിയിലാണ് എ.എഫ്.എസ് സമർപ്പിക്കാൻ കഴിഞ്ഞതെന്നും അതിനുശേഷമാണ് 2023 ഏപ്രിൽ മാസം മുതലുള്ള ബാങ്ക്/ട്രഷറി റീകൺസീലിയേഷൻ പ്രക്രിയ ആരംഭിച്ചിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

1-16-2 ബാങ്കിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിരിക്കുന്നു

കാർഡ് പേയ്മെന്റ് നടത്തുന്നതിനായുള്ള HDFCബാങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-50100299146847) 2023 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 8539 രൂപ (വൗച്ചർ നം-10400001 തീയതി-30.03.2023) നിക്ഷേപിക്കപ്പെട്ടിട്ടുള്ള പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ (Cheque Deposited But Not Credited) രേഖപ്പെടുത്തിയിട്ടുണ്ട്. 30.03.2023ന് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ തുക എപ്രകാരമാണ് ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽനിക്ഷേപിക്കപ്പെട്ടിട്ടുള്ള പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/11.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടി

30.03.2023 തീയതിയിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് ചെക്ക് മുഖേന രസീത് ചെയ്ത 8539രൂപയുടെ (രസീത് നമ്പർ-1220404161, വസ്തു നികുതി)ചെക്ക് ബാങ്കിൽ സമർപ്പിക്കുകയും അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി ദിവസം തന്നെ രസീത് സീരീസിലല്ലാത്ത 10400001 എന്ന രസീത് പ്രകാരം മേൽ രസീതിലെ ഉടമയുടെ പേരിലുംകെട്ടിട നമ്പറിലുമായി ഡ്യൂപ്ളിക്കേറ്റ് രസീത് സിസ്റ്റത്തിൽ ജനറേറ്റ് ചെയ്യപ്പെടുകയും കാർഡ് പേയ്മെന്റ് ബാങ്ക് അക്കൗണ്ടിന്റെ (HDFC-50100299146847)റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിക്ഷേപിക്കപ്പെട്ട പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ രേഖപ്പെട്ട് വരികയും ചെയ്തിട്ടുള്ളതാണ്. ഡ്യൂപ്ളിക്കേറ്റ് രസീത്ഒഴിവാക്കുന്നതിനായി ഐ.കെ.എം ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള തെറ്റുകൾ എങ്ങനെ സംഭവിക്കുന്നു എന്ന് ഭരണതലത്തിൽ പരിശോധിക്കേണ്ടതും ആവശ്യമായ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-16-3 കാർഡ് പേയ്മെന്റ് , ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ കാർഡ് പേയ്മെന്റ് നടത്തുന്നതിനായി എച്ച്.ഡി.എഫ്.സി ബാങ്കിന്റെ ആലത്തൂർ ശാഖയിലും(അക്കൗണ്ട് നം-50100299146847) ഇ-പേയ്മെന്റ് നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആലത്തൂർ ശാഖയിലും (അക്കൗണ്ട് നം-67361169855) രണ്ട് തനത് ഫണ്ട് അക്കൗണ്ടുകളുണ്ട്. സ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ ഇ-പേയ്മെന്റ് നടത്തിയിട്ടുള്ള 08.02.2023 തീയതി മുതൽ റസീപ്റ്റ് ചെയ്തിട്ടുള്ള തുകകൾ (45,214രൂപ) 31.03.2023 തീയതിവരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. എച്ച്.ഡി.എഫ്.സി ബാങ്കിൽ കാർഡ് പേയ്മെന്റ് ചെയ്തിട്ടുള്ള തുകകളും (59,914രൂപ) 31.03.2023 തീയതിവരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/11.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടി

കാർഡ് പേയ്മെന്റ് അക്കൗണ്ടിൽ (HDFC-50100299146847) സാധാരണ രണ്ടോ മൂന്നോ

ദിവസങ്ങൾക്കുള്ളിൽ രസീതാക്കുന്ന പണം ക്രെഡിറ്റ് ചെയ്യപ്പെടാറുണ്ട്. 30.03.3023, 31.03.2023 തീയതികളിലായി ക്രെഡിറ്റ് ചെയ്യപ്പെട്ട 58,914രൂപയിൽ 50,375രൂപ 01.04.2023ന് ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുള്ളതാണ്. ടി തുകയിൽ 8,539രൂപ ഡ്യൂപ്ളിക്കേറ്റ് രസീത് ആയതിനാൽ ഒഴിവാക്കുന്നതിനായി ഐ.കെ.എം ന് കത്ത് നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിൽ 08.02.2023 മുതൽ 31.03.2023 വരെ രസീത് ചെയ്തിട്ടുള്ള 45,214രൂപയിൽ 27,973രൂപ 30.04.2023 തീയതിക്കുള്ളിൽ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.ഇ-പേയ്മെന്റ് വഴി അടവാക്കുന്ന തുകകൾ ഐ.കെ.എം അക്കൗണ്ടിൽ പോയതിനുശേഷം അവിടെ നിന്നാണ് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്.അതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്.

കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-17 പണം പിൻവലിക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അക്കൗണ്ട് നമ്പർ-3580235462 (തനത് ഫണ്ട് അക്കൗണ്ട്)

ബാങ്കിന്റെ പേര്-സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ആലത്തൂർ

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ആലത്തൂർ ശാഖയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ ബാങ്കിന്റെ ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് ILGMS(Integrated Local Self-Governance Management System)) മുഖേന ലഭ്യമായ ബാങ്ക് ബുക്ക് എന്നിവയുമായി പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-17-1 ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ള തുക ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ ചെക്ക് പ്രകാരമുള്ള തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു

<table>
<tr><th>ക്രമ നമ്പർ</th><th>വൗച്ചർ നമ്പർ& തീയതി</th><th>ചെക്ക് നമ്പർ &തീയതി</th><th>തുക</th><th>ബാങ്കിൽ നിന്ന് പിൻവലിച്ച തുക &തീയതി</th></tr>
<tr><td>1</td><td>22300042 Dtd 19.04.2023</td><td rowspan="4">018714 Dtd 19.04.2023</td><td>17199</td><td rowspan="4">17199 തീയതി- 21.04.2023</td></tr>
<tr><td>2</td><td>22300061 Dtd 19.04.2023</td><td>27126</td></tr>
<tr><td>3</td><td>22300049 Dtd 19.04.2023</td><td>297167</td></tr>
<tr><td></td><td></td><td>ചെക്കിന്റെ ആകെ തുക</td><td>3,41,492</td><td></td></tr>
</table>

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ 19.04.2023 തീയതിയിലെ 018714 നമ്പർ ചെക്ക് പ്രകാരമുള്ള തുക 3,41,492 രൂപയാണ്. എന്നാൽ 018714 നമ്പർ ചെക്ക് പ്രകാരം 21700px.04.2023 ന് ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ളത് 17,199രൂപയാണ്. വ്യതാസത്തിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/16.08.2023) ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

19.04.2023 തീയതിയിലെ ചെക്ക് നമ്പർ-018714 പ്രകാരം ജീവനക്കാരുടെ എൽ.ഐ.സി ഇനത്തിലുള്ള 17,199രൂപയാണ് ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ 19.04.2023 തീയതിയിലെ ചെക്ക് നമ്പർ-018715 പ്രകാരം 8,93,871രൂപയാണ് വിവിധ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യുന്നതിനായി നൽകിയിട്ടുള്ളത്. എന്നാൽ ഫയൽ നം-4697/2023 തുക 27,126, ഫയൽ നം-4695/2023 തുക 2,97,167 എന്നിവയുടെ പേയ്മെന്റ് രേഖപ്പെടുത്തിയപ്പോൾ ചെക്ക് നമ്പർ-018715 ന് പകരം 018714 എന്ന് രേഖപ്പെടുത്തിയതിനാലാണ് 018714 ചെക്ക് പ്രകാരമുള്ള തുക 3,41,492രൂപ എന്ന് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി വന്നത്. ആയത് ഒരേ ദിവസം 6 ചെക്കുകളിലായി 31 വൗച്ചറുകളുടെ പേയ്മെന്റ് ചെയ്തപ്പോൾ മേൽ പരാമർശിച്ച പ്രകാരം രണ്ട് ചെക്ക് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് മൂലമുണ്ടാകുന്ന അപാകതയാണ്. ആയത് ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിന്നും ബോദ്ധ്യപ്പെടാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17-2 ചെക്ക് എഴുതി പണം പിൻവലിച്ചശേഷം വൗച്ചർ തയ്യാറാക്കുന്നു

ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 19.04.20203 തീയതിയിലെ ചെക്ക് നമ്പർ 018715 പ്രകാരം അനുവദിച്ചിട്ടുള്ളത് ചുവടെ ചേർത്തിട്ടുള്ള വൗച്ചറുകളുടെ തുകകളാണ് . 19.04.2023 ലെ വൗച്ചറുകൾ പ്രകാരമുള്ള 418698രൂപയും 20.04.2023 ലെ വൗച്ചറുകൾ പ്രകാരമുള്ള 150880രൂപയും ചേർത്ത് ആകെ 5,69,578രൂപയുടെ വൗച്ചറുകളാണ് 018715 പ്രകാരം പിൻവലിച്ചിട്ടുള്ളതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 19.04.2023 തീയതിയിലെ വൗച്ചറുകൾ

ക്രമ നമ്പർ	വൗച്ചർ നമ്പർ	തുക
1	22300051	41710
2	22300052	71505
3	22300053	13210
4	22300050	58119
5	22300047	19630
6	22300065	3800
7	22300045	2260
8	22300067	103732
9	22300068	103732
10	22300046	1000
		418698

2) 20.04.2023 തീയതിയിലെ വൗച്ചറുകൾ

ക്രമ നമ്പർ	വൗച്ചർ നമ്പർ	തുക
1	22300074	76980
2	22300075	73900
		150880

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 19.04.2023 ന് 018715 നമ്പർ ചെക്ക് പ്രകാരം 2,07,464രൂപയാണ് ഡെബിറ്റ് ചെയ്തിട്ടുള്ളത്. 19.04.2023ന് മറ്റ് തുകകൾ ഡെബിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ചെക്ക് നമ്പർ

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരമുള്ള തുകകളാണ് പിൻവലിക്കപ്പെട്ടിട്ടുള്ളതെന്ന് പരിശോധിച്ചുറപ്പിക്കാനും കഴിഞ്ഞിട്ടില്ല. മാത്രവുമല്ല 19.04.2023 ന് പിൻവലിക്കപ്പെട്ടിട്ടുള്ള ചെക്കിൽ നിന്നുള്ള ചെലവുകളുടെ വൗച്ചർ തയ്യാറാക്കിയിട്ടുള്ളത് 20.04.2023തീയതിയിലാണ്. കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/16.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടി

19.04.2023 തീയതിയിലെ വിവിധ ചെക്കുകൾ പ്രകാരമുള്ള 31 വൗച്ചറുകളിൽ 2 വൗച്ചറുകളാണ് 20.04.2023 തീയതിയിൽ വന്നിട്ടുള്ളത്. ആയത് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ ഡിലേ ആയതിനാൽ അന്നേ ദിവസം എല്ലാ പേയ്മെന്റും അപ്ഡേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ തൊട്ടടുത്ത ദിവസത്തേക്ക് വന്നിട്ടുള്ളതാണ്. ആയത് മനപ്പൂർവ്വമല്ല. ടി വൗച്ചറുകൾ 20.04.2023 തീയതിയിൽ തന്നെ സെക്രട്ടറി അപ്രൂവ് ചെയ്തിട്ടുള്ളതാണ്.ടി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. 19.04.2023 തീയതിയിലെ ചെക്ക് നം-018715 പ്രകാരം ആകെ 8,93,871രൂപയാണ് വിവധ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുള്ളത്. ടി ചെക്ക് പ്രകാരം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള 5,69,578രൂപയോടൊപ്പം മേൽ ഖണ്ഡിക 1ൽ പരാമർശിച്ചിരിക്കുന്ന ചെക്ക് നം-018714 എന്ന് രേഖപ്പെടുത്തിയ തുകകൾ കൂടി (27126+297167) ചേരുമ്പോൾ ആകെ 8,93,871രൂപ ആകുന്നു. ടി തുകകൾ ഐ.എൽ.ജി.എം.എസ് ൽ അറ്റാച്ച് ചെയ്തിരിക്കുന്ന ബാങ്ക് ട്രാൻസ്ഫർ ക്രെഡിറ്റ് സ്റ്റേറ്റ്മെന്റും ബാങ്ക് ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റും പരിശോധിക്കുമ്പോൾ മുഴുവൻ തുകയും 19.04.2023ൽ വിവിധ അക്കൗണ്ടുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

2011ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ (ജി.ഒ(എം.എസ്)നമ്പർ-83/11/എൽ.എസ്.ജി.ഡി തീയതി 28.03.2011) ചട്ടം 10 പ്രകാരം പഞ്ചായത്തിന്റെ ഓരോ ധനകാര്യ ഇടപാടും ഒരു വൗച്ചറിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ വൗച്ചറുകളും അക്കൗണ്ടന്റോ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിലോ തയ്യാറാക്കേണ്ടതാണ്. ഓരോ ധനകാര്യ ഇടപാടിനേയും അധികാരപ്പെടുത്തുന്ന രേഖകളുടെ ഉപരിപത്രമായിട്ടായിരിക്കണം വൗച്ചറുകൾ ഉപയോഗിക്കേണ്ടത്. ചട്ട വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-18 ക്ലബുകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.	104/23 ക്ലബുകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ)
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
അടങ്കൽ	130000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	130000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ബിൽ/സാങ്ഷൻ നം, തിയതി	1/27.08.2022, ₹.130000/-

ആലത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലബുകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങി നൽകി പൊതുജനങ്ങളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതാണ് പദ്ധതി.

ടി പ്രോജക്ടിന്റെ ഭാഗമായി ആലത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ലബുകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകുന്നതിന് 130000/- രൂപ ദേശാഭിമാനി പബ്ലിക്കേഷൻസ് എന്ന സ്ഥാപനത്തിന് (അക്കൗണ്ട് നം. 74810400000737) മുൻകൂറായി നൽകിയിട്ടുണ്ട്.

ദേശാഭിമാനി പബ്ലിക്കേഷൻസിൽ നിന്നും ലഭ്യമായ രശീതി (നം.REC/PAL/22-23/314, തീയതി.22.08.2022) പ്രകാരം താഴെപ്പറയുന്ന പ്രസിദ്ധീകരണങ്ങൾക്കുള്ള തുകയാണ് 130000/- രൂപ.

1) ദേശാഭിമാനി ആഴ്ച്ചപ്പതിപ്പ്- 100 Nos * 1000 = 100000/-

2) ചിന്ത ആഴ്ച്ചപ്പതിപ്പ് - 40 Nos*700 = 28000

3) തത്തമ്മ – 10 Nos*200 = 2000

ഇതു സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അതിനുള്ള തുക അനുവദിക്കുന്നതിനു പകരം തുക മുൻകൂറായി സ്ഥാപനത്തിന് നൽകി. കൂടാതെ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കായി വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ചുമതലയിൽ ഉൾപ്പെട്ട ഇനമായ ക്ലബുകൾക്ക് പുസ്തകം വാങ്ങി നൽകുന്നതിനായി തുക ചെലവഴിച്ചതും ക്രമപ്രകാരമല്ല.

2) ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമായതു സംബന്ധിച്ച രേഖകളായ സ്റ്റോക്ക് രജിസ്റ്റർ, സ്ഥാപനത്തിൽ നിന്നും ലഭിച്ച പ്രതിമാസ ബിൽ, പ്രസിദ്ധീകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ബന്ധപ്പെട്ട ക്ലബുകളിൽ നിന്നും വായനശാലകളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/09.08.2023) മറുപടി ലഭിച്ചിട്ടില്ല.
ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമായതു സംബന്ധിച്ച രേഖകളായ സ്റ്റോക്ക് രജിസ്റ്റർ, സ്ഥാപനത്തിൽ നിന്നും ലഭിച്ച പ്രതിമാസ ബിൽ, പ്രസിദ്ധീകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ബന്ധപ്പെട്ട ക്ലബുകളിൽ നിന്നും വായനശാലകളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാവുന്നത് വരെ ചെലവ് തുക 130000 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-19 എസ്.എസ്.കെ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം.	4/23 (എസ്.എസ്.കെ വിഹിതം നൽകൽ)
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
അടങ്കൽ	732520/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)
ചെലവ്	732520/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)
സാങ്ഷൻ നം, തിയതി	132/28.12.2022, ₹.732520/-

എസ്.എസ്.കെ വിഹിതം നൽകൽ (പൊതുവിഭാഗം) എന്ന പ്രോജക്ടിന്റെ ഭാഗമായി 732520/- രൂപ സമഗ്ര ശിക്ഷാ കേരളം, ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് (അക്കൗണ്ട് നം. 0739101046104) നൽകിയിട്ടുണ്ട്.

സ.ഉ(കൈ)നം84/2022/LSGD, 19.04.2022 പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പരിപാടികൾ/ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരണത്തിനു ശേഷം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

ഫയൽ പരിശോധിച്ചതിൽ മേൽപ്പറഞ്ഞവ ലഭിച്ചിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/09.08.2023) മറുപടി ലഭിച്ചിട്ടില്ല.

സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പരിപാടികൾ/ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകങ്ങൾ

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്വെയറിലെ ബിൽ ഡിസ്ട്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2022-ലെ ഏതാനും മരണ രജിസ്ട്രേഷനുകളും അനുബന്ധഫയലുകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ താഴെചേർക്കുന്നു.

1.ബിൽ ഡിസ്ട്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2023 ഏപ്രിൽ മാസത്തിലെ ബിൽ ഡിസ്ട്രിപ്പൻസി ലിസ്റ്റ് പ്രകാരം 108 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ പുനർവിവാഹിതയല്ല സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല, ബാങ്ക് അക്കൗണ്ട് നിലവിലില്ല തുടങ്ങിയ വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, പെൻഷൻ ഇനം	പെൻഷണർ ഐ.ഡി	ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം
1	പാറു സി, കർഷക തൊഴിലാളി പെൻഷൻ	108770100783	2/2023
2	രുഗ്മണി, കർഷക തൊഴിലാളി പെൻഷൻ	108770100530	08/2019
3	കണ്ണൻകുട്ടി ജി, വാർദ്ധക്യ കാല പെൻഷൻ	108770201618	8/2018
4	വെള്ളമ്മ, വാർദ്ധക്യകാല പെൻഷൻ	108770202039	8/2019

ബാങ്ക് വഴിയും ഡയറക്ട് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി പരിശോധിച്ച് അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം

ഡാറ്റാബേസിൽ സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

2022 വർഷത്തെ മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പെൻഷനറുടെ പേര്	പെൻഷൻ ഐ.ഡി, സ്റ്റാറ്റസ്, പെൻഷൻ വിതരണ രീതി	മരണപ്പെട്ട തീയതി, രജിസ്ട്രേഷൻ നം.	മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ കാലയളവ്
1.	എം ദമയന്തി, വാർദ്ധക്യകാല പെൻഷൻ	108770201531, സസ്പെൻഡ്, ബാങ്ക് അക്കൗണ്ട്	30.09.22, 271/22 /18.10.22	10/22-11/22
2.	റാവി എം, വിധവാ പെൻഷൻ	108770600956, ആക്ടീവ്, ബാങ്ക് അക്കൗണ്ട്	13.12.22, 319/22 /21.12.22	01/23-4/23
3.	സുന്ദരൻ പി സി, വാർദ്ധക്യകാല പെൻഷൻ	108770201262, സസ്പെൻഡ്, ബാങ്ക് അക്കൗണ്ട്	29.10.22, 297/22 /17.11.22	11/22
4	വേലായുധൻ.സി, വാർദ്ധക്യകാല പെൻഷൻ	108770200134, സസ്പെൻഡ്, ബാങ്ക് അക്കൗണ്ട്	29.10.22, 293/22 /10.11.22	11/22
6	സേവ്യർ.പി.സി, വാർദ്ധക്യകാല പെൻഷൻ	107380202316, സസ്പെൻഡ്, ബാങ്ക് അക്കൗണ്ട് (പഴയന്നൂർ ഗ്രാമപഞ്ചായത്ത് പെൻഷൻ ഗുണഭോക്താവ്)	18.08.22, 296/22 /14.11.22	9/22-11/22

വിഷയം പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/14.08.23) നിലവിൽ മരണപ്പെടുന്ന ഗുണഭോക്താക്കളെ സോഫ്റ്റ് വെയറിൽ നിന്നും ഒഴിവാക്കിവരുന്നുണ്ടെന്നും മരണമടഞ്ഞതിനുശേഷവും അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

നിർദ്ദേശങ്ങൾ

1. മരണമടഞ്ഞ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകിയത് കണ്ടെത്തുന്നതിനായി മരണ രജിസ്റ്ററിലെ വിവരം പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3. മരണമടഞ്ഞവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

4. സേവന സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന ബിൽ ഡിസ്ക്രിപൻസി റിപ്പോർട്ട് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത മറ്റു തദ്ദേശസ്ഥാപനങ്ങളിലെ ക്ഷേമപെൻഷൻ

ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു സ്ഥാപനങ്ങളെ അറിയിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-21 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ :86/23 (അങ്കണവാടി പോഷകാഹാരം (ജനറൽ)), 89/23 (അങ്കണവാടി പോഷകാഹാരം അധിക വിഹിതം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി ആലത്തൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 24 അങ്കണവാടികളിലെ കുട്ടികൾക്കായി ഐശ്വര്യ ഫുഡ്സ് കുടുംബശ്രീ, കരിങ്ങരപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് താഴെപ്പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നം. തുക	നൽകിയ തുക (5% ജി.എസ്.ടി ഉൾപ്പെടെ)	ബിൽ നം തുക
155/03.09.22	16538/-	4/20.10.22, 16763/-
170/25.01.23	17492/-	9/06.03.23, 17730/-
162/27.12.22	15214/-	10/06.03.23, 32747/-
178/25.02.22	16092/-	15/25.03.23, 138585/-
154/03.09.22	97223	183/21.02.2023, 201150/-
161/27.12.22	103927/-	183/21.02.2023, 201150/-
ആകെ	266486/-	

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി.25.05.2018 പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 1% വീതം ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.34/16.08.2023) ജി.എസ്.ടി ടി.ഡി.എസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.
2.50 ലക്ഷം രൂപയിൽ അധികമുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണ്.

1-22 കട്ടിൽ മുഴുവനും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ	82/23 (വൃദ്ധർക്ക് കട്ടിൽ (എസ്.സി))
നിർവഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	87000/- (വികസന ഫണ്ട്-എസ്.സി.പി)
ചെലവ്	86780/-
ബിൽ നം/ തീയതി	19/28.03.2023, 86780/-

വൃദ്ധർക്ക് കട്ടിൽ (എസ്.സി) എന്ന പ്രോജക്ടിന്റെ ഭാഗമായി ജെം മുഖേന A.H Wood Industries, വട്ടമ്പലം, കുമരംപുത്തൂർ, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 4339/- രൂപ നിരക്കിൽ ഇൻവോയ്സ് നം. 43/23.03.2023 പ്രകാരം 20 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. അവയുടെ വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല എന്ന്കണ്ടെത്തി. 29.11.2022- ലെ 1(2) തീരുമാനപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ 30 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. വാങ്ങിയ 20 കട്ടിലുകളിൽ 18 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.37/16.08.2023) കട്ടിലുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി

കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്ത് രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ. വി.ഇ.ഒ

1) താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ലൈഫ് പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

വാർഡ് നം	ഗുണഭോക്താവിന്റെ പേരും വിലാസവും	അനുവദിച്ച തുക/ തിയതി	
4	സുബൈദ.എസ്, W/o. അസീസ്, പരുവക്കൽ വീട്, ബാങ്ക് വീട്, ആലത്തൂർ	40000	25.08.20
		100000	27.11.20
		160000	20.03.23
4	രജിയ, W/o.അബൂബക്കർ, മൂച്ചിക്കാട്, ആലത്തൂർ	40000	19.03.22
		160000	06.06.22

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.35/16.08.2023) ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കി.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 നെറ്റ് സീറോ കാർബൺ പഞ്ചായത്ത് - തുടർപ്രവർത്തനം അറിയിക്കേണ്ടതാണ്

പ്രോജക്ട് നം.	39/23 (നെറ്റ് സീറോ കാർബൺ പഞ്ചായത്ത് പഠനം-സ്പിൽഓവർ)
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	99120/- (തനത് ഫണ്ട്)
ചെലവ്	99100/- (തനത് ഫണ്ട്)
ബിൽ/സാങ്ഷൻ നം, തിയതി	52/31.08.2022, 99100/-

2021-22 വർഷത്തിൽ നൂതന പ്രോജക്ടുകളുടെ ഭാഗമായി നെറ്റ് സീറോ കാർബൺ പഞ്ചായത്ത് പഠനം എന്ന പദ്ധതി തയ്യാറാക്കുകയും പ്രസ്തുത പഠനം നടത്തുന്നതിനായി കാലാവസ്ഥ വ്യതിയാനം അനുബന്ധമായി പ്രവർത്തിക്കുന്ന കേരളത്തിലെ സ്റ്റാർട്ടപ്പുകളാവണം, Geographic Information System പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം, സുസ്ഥിര വികസനലക്ഷ്യങ്ങൾ 1,13 ലെ വ്യവസ്ഥകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയും ഗവേഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്ന ഏജൻസി ആയിരിക്കണം എന്നീ നിബന്ധനകൾ ഉൾപ്പെടുത്തി 22.03.2022-ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വട്ടേഷൻ രേഖപ്പെടുത്തിയ ഇക്യൂറേറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നെറ്റ് സീറോ കാർബൺ പഞ്ചായത്ത് സാധ്യത പഠനം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ലഭ്യമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 99100/- രൂപ ഇക്യൂറേറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് (നം.50200057324559) നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.36/16.08.2023) മറുപടി ലഭിച്ചിട്ടില്ല.

നെറ്റ് സീറോ കാർബൺ പഞ്ചായത്ത് എന്ന പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ജൈവവളം വിതരണം- സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല

പ്രോജക്ട് നം.	88/23 (ജൈവവളം ഉത്പാദനം)
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	50000/- വികസനഫണ്ട് (ജനറൽ)
ചെലവ്	50000/- വികസനഫണ്ട് (ജനറൽ)
ബിൽ/സാങ്ഷൻ നം, തിയതി	66/21.03.2023, 50000/-

ആലത്തൂർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം സ്യൂഡോമോണസ് ഉപയോഗിച്ച് സമ്പുഷ്ടീകരിച്ച് നിറ-ജൈവവളം എന്ന പേരിൽ കർഷകർക്ക് പാടശേഖരസമിതികൾ മുഖേന വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട്.

ഇതിന്റെ ഭാഗമായി നിറ കാർഷിക ഉത്പാദന വിപണന സമിതി, ആലത്തൂർ മുഖേന (ഇൻവോയ്സ് നം.22/2022-23, തീയതി.16.03.2023) EM Solution (20 Litre), Jaggery (40 Kg) എന്നിവ വാങ്ങുകയും അതിനുള്ള തുകയായ 15000/- രൂപ 152112801002716 എന്ന അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഖരമാലിന്യ പ്ലാന്റിൽ ഉൽപ്പാദിപ്പിച്ച ജൈവവളം ഒരു കിലോഗ്രാമിന് 8/- രൂപ നിരക്കിൽ 4375/- കിലോഗ്രാം വാങ്ങുകയും അതിനുള്ള വിലയായ 35000/- രൂപ ആലത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ

3580235462 എന്ന അക്കൗണ്ടിലേയ്ക്ക് നൽകുകയും 4375/- കിലോഗ്രാം ജൈവവളം പാടശേഖരസമിതി മുഖേന 9 കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022-ലെ ഖണ്ഡിക 6.1.1 പ്രകാരം ജൈവവളം, കമ്മായം, ഡൊളാമൈറ്റ് (പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ) മുതലായവ വാങ്ങുന്നതിന് പൊതുവിഭാഗത്തിനുള്ള പരമാവധി സബ്സിഡി 75% ആണ്.

ടി പ്രോജക്ടിന്റെ ഭാഗമായി ഖരമാലിന്യ പ്ലാന്റിൽ ഉൽപ്പാദിപ്പിച്ച ജൈവവളം വാങ്ങുന്നതിന് നൽകാവുന്ന പരമാവധി സബ്സിഡി 26250/- (35000X75%) രൂപയാണ്. എന്നാൽ 35000/- രൂപ ജൈവവളം വാങ്ങിയതിനുള്ള വിലയായി സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഒന്നും തന്നെ പിരിച്ചെടുത്തിട്ടില്ല. സബ്സിഡിയിനത്തിൽ 8750/- രൂപ അധികമായി നൽകി.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നൽകിയതിനുള്ള കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/09.08.2023) ആലത്തൂർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യപ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തിൽ പ്ലാസ്റ്റിക്കിന്റെ അംശം ഉള്ളതിനാൽ കർഷകർ വാങ്ങാൻ തയ്യാറാവാത്തതിനാലാണ് 100% സബ്സിഡി നിരക്കിൽ നൽകിയത് എന്നാണ് മറുപടി ലഭിച്ചത്.
സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിധേയമായി മാത്രം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 ഫലവൃക്ഷത്തൈ വിതരണം- സബ്സിഡി തുക അധികം നൽകി

പ്രോജക്ട് നം.	114/23 (ഞങ്ങളും കൃഷിയിലേയ്ക്ക്- ഫലവൃക്ഷത്തൈകളുടെ വിതരണം)
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	50000/- വികസനഫണ്ട് (ജനറൽ)
ചെലവ്	13800/- വികസനഫണ്ട് (ജനറൽ)
ബിൽ/സാങ്ഷൻ നം, തിയതി	1) 24/30.11.2022, 4000/- 2) 65/20.03.2023, 9800/-

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി ആലത്തൂർ ഗ്രാമപഞ്ചായത്തിലെ കർഷകരുടെ ഭക്ഷ്യസുരക്ഷയ്ക്കായി വാഴ, മാവ്, പ്ലാവ്, സപ്പോട്ട, പേര തുടങ്ങിയ ഫലവൃക്ഷങ്ങളുടെ ഗുണമേന്മയേറിയ തൈകൾ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട്.

ടി പ്രോജക്ടിന്റെ ഭാഗമായി തൈകൾ വാങ്ങുകയും അവയുടെ വില ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുകയും തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

Invoice No/ Date	സ്ഥാപനം	വാങ്ങിയത്	തുക
278/18.11.2022	കേരള കാർഷിക വികസന കർഷക ക്ഷേമവകുപ്പ്	Rooted Pepper Cuttings (500 എണ്ണം)	4000/-
1345/ 15.03.2023	ആലത്തൂർ ബ്ലോക്ക് അഗ്രോ	1) മാവിൻ തൈ (14 എണ്ണം)	9800/-

	സർവ്വീസ്	2) സപ്പോട്ട തൈ (14 എണ്ണം) 3)പ്ലാവിൻ തൈ (14 എണ്ണം)	
ആകെ			13800/-

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022-ലെ ഖണ്ഡിക 6.1.5 പ്രകാരം ഫല-പുഷ്പ-ഔഷധ കൃഷിയ്ക്കുള്ള വിത്തുകളും തൈകളും തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റികുരുമുളക് തൈകൾ മുതലായവ വാങ്ങുന്നതിന് പൊതുവിഭാഗത്തിനുള്ള പരമാവധി സബ്സിഡി 75% ആണ്.

ടി പ്രോജക്ടിന്റെ ഭാഗമായി ഫല വൃക്ഷതൈകൾ, കുരുമുളക് തൈകൾ എന്നിവ മേൽപ്പറഞ്ഞ പ്രകാരം വാങ്ങുകയും ഗുണഭോക്തൃവിഹിതം ഇല്ലാതെ 100% തുകയും സബ്സിഡിയായി സ്ഥാപനത്തിന് വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഫല വൃക്ഷതൈകൾ, കുരുമുളക് തൈകൾ വാങ്ങുന്നതിന് നൽകാവുന്ന പരമാവധി സബ്സിഡി 10350/- (13800X75%) രൂപയാണ്. എന്നാൽ 13800/- രൂപ സബ്സിഡി ഇനത്തിൽ തൈകൾ വാങ്ങിയ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 3450/- രൂപ വികസന ഫണ്ട് അധികമായി നൽകി.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/09.08.2023) മറുപടി ലഭിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 3450/- രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
(ഭാഗം 3-1 കാണുക).

1-27 കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട്	217/23, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം
അടങ്കൽ	₹200000 (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്	₹200000
ബിൽ നം./തീയതി	93/22.11.22

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള പഞ്ചായത്ത് വിഹിതമായി 200000രൂപ ജില്ലാപഞ്ചായത്തിന് കൈമാറിയിരിക്കുന്നു. പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കിയ തുടർ നടപടികൾ, തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ, സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (4/08.08.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-28 വാഹനം വാങ്ങൽ - Gem മുഖേന നടത്തിയിട്ടില്ല

പ്രൊജക്ട്	48/23, ബഡ്സ് സ്കൂളിലേക്ക് വാഹനം വാങ്ങൽ
അടങ്കൽ	₹ 1700000 (വികസന ഫണ്ട് പൊതുവിഭാഗം-285920, മറ്റുള്ളവ-1414080)

ചെലവ്	₹1696535 (വികസന ഫണ്ട് പൊതുവിഭാഗം-285920, മറ്റുള്ളവ-1410615)
സാങ്ഷൻ ഓർഡർ നം./തീയതി	190/08.03.23

ബഡ്സ് സ്കൂളിലേക്ക് വാഹനം വാങ്ങുന്നതിനായി പ്രൊജക്ട് പ്രകാരം ആകെ 1696535 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി 25.06.22-ൽ നടന്ന ഇ ടെണ്ടർ മുഖേന 17 സീറ്റുള്ള ബസ്, രാധിയ മോട്ടോഴ്സ്, തൃശ്ശൂർ - ൽ നിന്നും വാങ്ങിയിരിക്കുന്നു. സ ഉ (പി) നം. 7/2019/എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്ക മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem- ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തിയതിൽ ഓഡിറ്റ് അന്വേഷണം (26/14.08.23) നൽകിയതിന് വെള്ള നിറമുള്ള വാഹനമാണ് Gem-ൽ ഉണ്ടായിരുന്നത് എന്നും സ്കൂൾ ബസായി ഉപയോഗിക്കേണ്ടതിനാൽ നിറവും സ്പെസിഫിക്കേഷനും പാലിക്കണം എന്നതിനാലുമാണ് ഇ ടെണ്ടർ മുഖേന വാങ്ങിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുവാനാവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതാണ്.

1-29 മുൻകൂർ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക- B18 Schedule എന്നിവ പ്രകാരം താഴെചേർക്കുന്ന അഡ്വാൻസുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

AFS-B 18 ഷെഡ്യൂൾ പ്രകാരമുള്ള ഹെഡ്	ഇനം	തുക
460100101	ഓണം ഫെസ്റ്റിവൽ അഡ്വാൻസ്	8000
460500501	നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ്	20366

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിൽ ഓഡിറ്റ് അന്വേഷണം (16/10.08.2023) നൽകിയതിന് താഴെചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

ശ്രീ ബിന്ദേഷ് ഭാസി 28.12.22 മുതലുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുമ്പ തന്നെ അനധികൃതമായി അവധിയിൽ പ്രവേശിക്കുകയും വിദേശത്തേക്ക് പോകുകയും ചെയ്തതിനാൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ഈടാക്കാൻ കഴിഞ്ഞില്ല. പലതവണ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വകുപ്പ തല നടപടിയിലൂടെ തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

2022-23 ലെ വാർഷിക പദ്ധതിയിലെ പ്രൊജക്ടിനായി നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ 20366 രൂപയുടെ റീഇമ്പേഴ്സ്മെന്റ് ബില്ലുകൾ End Bendficiary-യ്ക്ക് മാത്രമെ നൽകാൻ കഴിയൂ എന്ന കാരണത്താൽ ട്രഷറിയിൽ നിന്നും പാസ്സാക്കി ലഭിച്ചില്ല, ഈ സാമ്പത്തിക വർഷത്തിൽ ബിൽ പുനർസമർപ്പിച്ച് മുൻകൂർ ക്രമീകരിക്കുന്നതാണ് എന്നും അറിയിച്ചു.

തുക അടിയന്തിരമായി ക്രമീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-30 കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

A

പ്രൊജക്ട്	5/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ
അടങ്കൽ	₹ 1000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹999992
സാങ്ഷൻ ഓർഡർ നം./തീയതി	214/14.03.23

B)

പ്രൊജക്ട്	69/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ് സി)
അടങ്കൽ	₹ 300000 (വികസന ഫണ്ട് എസ് സി പി)
ചെലവ്	₹196423
സാങ്ഷൻ ഓർഡർ നം./തീയതി	262/23.03.23-155123 315/28.03.23-41300

ആലത്തൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷന് കെ എസ് ഇ ബി യുടെ എസ്റ്റിമേറ്റിന്റെ (ES-ALR/DB/Alathur GP/2022-23 /25.02.23) അടിസ്ഥാനത്തിൽ പ്രൊജക്ട് നം. 5/23 പ്രകാരം 999992രൂപയും പ്രൊജക്ട് നം. 69/23 പ്രകാരം 196423രൂപയും കൈമാറിയിട്ടുണ്ട്. അടിയന്തിരമായി കെ എസ് ഇ ബി-യുമായി 06.03.2023 തീയതിയിൽ ഏർപ്പെട്ട കരാർ ഉടമ്പടി ക്രമ നം.1 പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക കൈമാറികഴിഞ്ഞ് മൂന്നുമാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതും കരാർ ഉടമ്പടി ക്രമ നം.2 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 7 ദിവസത്തിനുള്ളിൽ വിനിയോഗ സാക്ഷ്യപത്രം അസിസ്റ്റന്റ് എഞ്ചനീയർ ത സ്വ ഭ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, കൈമാറിയ തുകയുടെ വിനിയോഗ വിവരം, കൈമാറിയ തുക വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ലഭ്യമായതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം നം.3/08.08.2023 മുഖേന ആവശ്യപ്പെട്ടതിന് സാധനസാമഗ്രികൾ ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും നിലവിൽ സാമഗ്രികൾ ലഭ്യമായിട്ടുണ്ടെന്നും 09/23-നകം പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം അറിയിക്കുന്നതാണെന്നും കെ എസ് ഇ ബി അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടിയുടെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-31 മാലിന്യ സംസ്കരണ സംവിധാനങ്ങൾ

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017, സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേനയിൽ 16 വാർഡുകളിലായി നിലവിൽ 30 അംഗങ്ങളാണുള്ളത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിദിനം ശരാശരി 325 രൂപ നിരക്കിൽ വേതനം ലഭിച്ചുവരുന്നു. ഹരിതകർമ്മ സേനയുടെ കൺസോർഷ്യത്തിന്റെ പേരിലുള്ള ആലത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ (A/c No. ALC105100010002228) 30.06.23-ന് 709141 രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ അംഗങ്ങൾ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്രതിദിനം, രണ്ടുദിവസം കൂടുമ്പോൾ, ആഴ്ചയിൽ, മാസത്തിൽ എന്നിങ്ങനെ നിശ്ചിത ഇടവേളകളിൽ ജൈവമാലിന്യവും അജൈവമാലിന്യവും ശേഖരിച്ചുവരുന്നു. ഇതിനായി 20, 30, 50, 100എന്നിങ്ങനെ യൂസർഫീ ഈടാക്കിവരുന്നുണ്ട്. വീടുകളിൽ നിന്നും 50രൂ നിരക്കിലാണ് തുക ഈടാക്കിവരുന്നത്. ഏകദേശം 40% വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാത്രമാണ് യൂസർ ഫീ

ലഭ്യമാകുന്നത്.

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം

വാർഡുകളിലൊന്നിലും മിനി എം സി എഫ് സംവിധാനങ്ങളില്ല. 12, 13 എന്നീ വാർഡുകളിൽ രണ്ട് എം സി എഫും പഞ്ചായത്തിന്റെ ഖരമാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്ന കാട്ടുശ്ശേരി എന്ന സ്ഥലത്ത് ഖര മാലിന്യ സംസ്കരണ പ്ലാന്റും ആർ ആർ എഫും പ്രവർത്തിച്ചു വരുന്നു. ഹരിത കർമസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഈ രണ്ടു എം സി എഫുകളിലേക്കും അവിടെ നിന്നും നേരിട്ട് ആർ ആർ എഫിലേക്കോ എത്തിക്കുന്നു. ജൈവ മാലിന്യങ്ങൾ ഖരമാലിന്യ പ്ലാന്റിലേക്കും എത്തിക്കുന്നു. മൂന്നു വാഹനങ്ങൾ ഇതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്.

ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റുന്നതിനായി തുമ്പൂർമൂഴി മോഡൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ആലത്തൂർ ടൗണിലേയും മാർക്കറ്റിലേയും ജൈവമാലിന്യങ്ങൾ ശേഖരിച്ച് വളമാക്കി മാറ്റുന്നുണ്ടെങ്കിലും ശേഖരിക്കുന്ന മുഴുവൻ മാലിന്യവും സംസ്കരിക്കുന്നതിനുള്ള സംവിധാനം പ്ലാന്റിൽ ഇല്ല. അതുകൊണ്ടു തന്നെ ശേഖരിക്കുന്ന മുഴുവൻ മാലിന്യവും യഥാസമയം വളമാക്കി വിൽക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. ജൈവവളം കിലോഗ്രാമിന് 8 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിൽ രസീതാക്കി ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ പകുതിയോളം മാത്രമാണ് തരംതിരിച്ച് സൂക്ഷിക്കാൻ കഴിഞ്ഞിരിക്കുന്നത്. പ്ലാസ്റ്റിക് ഉത്പന്നങ്ങൾ തരം തിരിച്ച് ഷ്രെഡ് ചെയ്യുന്നതിനായി പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഷ്രെഡിംഗ് ചെയ്ത പ്ലാസ്റ്റിക് ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചാത്തുകളിലും മറ്റ് ഗ്രാമപഞ്ചായത്തുകളിലും റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിച്ചു വരുന്നു. ഇത്തരത്തിൽ പ്ലാസ്റ്റിക് വിതരണം ചെയ്ത വകയിൽ തൻ വർഷം 115468രൂപയുടെ വരവുണ്ട്.

മാലിന്യം കയ്യൊഴിക്കൽ

2022-23-ൽ പ്ലാന്റിലെത്തുന്ന മാലിന്യങ്ങളിൽ തരം തിരിച്ചവ കയ്യൊഴിഞ്ഞ വകയിൽ വരവോ തരം തിരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ കയ്യൊഴിക്കുന്നതിനായി ചെലവോ ഉണ്ടായിട്ടില്ല. നിലവിൽ മാലിന്യം ഒഴിവാക്കുന്നതിനായി ടെണ്ടർ മുഖേന ശ്രീ.ഫിറോസ് ഖാൻ, സലാം ട്രേഡിംഗ്, നെന്മാറ എന്നയാളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

നിരീക്ഷണ സംവിധാനം

പൊതു സ്ഥലങ്ങളിലും നിരത്തുകളിലും മാലിന്യം തള്ളുന്നത് തടയുന്നതിനായി തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 05-01-2019 ലെ സ.ഉ (സാധാ) നം.25/2019/തസ്വഭവ പ്രകാരം വിവിധ പ്രദേശങ്ങളിൽ സി.സി ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 8 പ്രദേശങ്ങളിലായി 16 ക്യാമറകളും 2021-22-ൽ 12 ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ചതിനു ശേഷം പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കുറഞ്ഞിട്ടുണ്ടെന്ന് അറിയിച്ചു.

ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ ജീവനക്കാർ

ഹരിതകർമ്മ സേനാംഗങ്ങൾക്ക് പുറമേ ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ പ്രവർത്തനങ്ങൾക്കായി വാച്ച്മാൻ ഉൾപ്പെടെ 11 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിൽ ഒരു ട്രാക്ടർ, ഒരു പെട്ടി ഓട്ടോറിക്ഷ, 2021-22-ൽ വാങ്ങിയ ഒരു പിക്കപ്പ് വാൻ എന്നിങ്ങനെ 3 വാഹനങ്ങൾ മാലിന്യം ശേഖരിക്കുന്നതിനായി നിലവിലുണ്ട്. ഇതിനായി മൂന്നു ഡ്രൈവർമാരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

ഹരിതകർമ്മസേനാംഗങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റിലെ ജീവനക്കാർ, ഡ്രൈവർമാർ എന്നിവർ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെങ്കിലും ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്കരണം പൂർണ്ണമായും കൃത്യമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഹരിതകേരളമിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ /പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണിനുള്ള സർവീസ് ചാർജ്, എസ് എം എസ് ചാർജ്, ലാപ്ട്രോപ്പ് എന്നിവയ്ക്കായി തനതു ഫണ്ടിൽ നിന്നും 119/23 നം. പ്രൊജക്ട് പ്രകാരം 204900 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കെൽട്രോണുമായി 11/2022-23/30.01.23-ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളുടെ പുരോഗതി, നിലവിലെ സ്ഥിതി എന്നിവ താഴെചേർക്കുന്നു.

മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും മാലിന്യ സംസ്കരണ മേഖലയിലെ ഓരോ പ്രവർത്തനങ്ങളും ഓൺലൈനായി സംസ്ഥാനതലം മുതൽ വാർഡ് തലം വരെ നിരീക്ഷിക്കുന്നതിനുമാണ് കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.21 ലെ GO(Rt) No.2307/2021/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ 135700രൂ സർവീസ് ചാർജ് ആയും 7200രൂപ എസ് എം എസ് ചാർജ്ജായും ക്യൂ ആർ കോഡിന്റെ വിലയായ 12000 രൂപയും ലാപ്ട്രോപ്പിന്റെ വിലയായ 50000രൂപയും ചേർത്ത് ആകെ 204900രൂ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുള്ളതും കെൽട്രോണിൽ നിന്നും ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ നടത്തിപ്പിനും പ്രവർത്തനത്തിനുമായി ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ പഞ്ചായത്തിൽ നിയമിക്കുകയും ഇവരുടെ സഹായത്തോടെ ഹരിതകർമ്മ സേന അംഗങ്ങൾക്കും ഓക്സിലിയറി ഗ്രൂപ്പുകൾക്കും പരിശീലനം നൽകുകയുമുണ്ടായി. ഹരിതകർമ്മസേന അംഗങ്ങളുടെ ജോലിയെ ബാധിക്കാതിരിക്കുന്നതിനായി ഓക്സിലിയറി ഗ്രൂപ്പിലെ അംഗങ്ങളാണ് മാലിന്യം ശേഖരിക്കേണ്ടതായ വീടുകളിലും സ്ഥാപനങ്ങളിലുമായി സർവേ നടത്തുന്നതും ക്യൂ ആർ കോഡ് പതിപ്പിക്കുന്നതും. 16 വാർഡുകളിലായി 16 ഓക്സിലറി മെമ്പേഴ്സിനെ ഉപയോഗിച്ച് വീടുകളും സ്ഥാപനങ്ങളും ഉൾപ്പെടെ 6704 കെട്ടിടങ്ങളിൽ ക്യൂ ആർ കോഡുകൾ പതിപ്പിക്കുകയും ചെയ്തു. ഏഴുവാർഡുകളിൽ മുഴുവനായും ക്യൂ ആർ കോഡുകൾ പതിപ്പിച്ചു കഴിഞ്ഞു. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കിയ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഹരിതകർമ്മസേന ഫീസ് പിരിവ് നടത്തിവരുന്നുണ്ട്.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർക്കായുള്ള മോണിറ്ററിംഗ് വെബ് സൈറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട പരിശീലനം നിലവിൽ ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതും ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

2. മാലിന്യം കയ്യൊഴിക്കുന്നതിന് കരാറിലേർപ്പെട്ട സ്ഥാപനവുമായി ബന്ധപ്പെട്ട് തരം തിരിച്ചതും റിജക്ടഡ് ആയതുമായ മാലിന്യം കയ്യൊഴിക്കുന്നതിനും മാലിന്യം കൂടി കിടക്കുന്നത് ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിസി ടിവി ക്യാമറകളുടെ പ്രവർത്തനക്ഷമതയും തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ്.

4. ജൈവ മാലിന്യ സംസ്കരണ പ്ലാന്റിന്റെയും പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെയും ശേഷി ഉപയോഗപ്പെടുത്തി പരമാവധി മാലിന്യം സംസ്കരിക്കുകയും ജൈവവളം, ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് എന്നിവയുടെ വിൽപ്പനയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

5. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം പൂർണ്ണമാക്കി മാലിന്യ ശേഖരണം, ശരിയായ രീതിയിലുള്ള സംസ്കരണം എന്നിവയിൽ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

6. ഹരിതകർമ്മ സേനാംഗങ്ങൾ തന്നെ ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കി മാലിന്യം ശേഖരിക്കുന്ന വാഹനത്തിന്റെ ഡ്രൈവിംഗ് ഏറ്റെടുക്കേണ്ടതും ഡ്രൈവർക്കുള്ള വേതനമിനത്തിലെ അധിക ചെലവ് ഒഴിവാക്കേണ്ടതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-32 തെരുവു വിളക്ക് പരിപാലനം

I) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതിൽ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ആലത്തൂർ-ന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം അൺ മീറ്റേഡ് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ശരാശരി 75000രൂപ ചെലവുണ്ട്. തെരുവു വിളക്കുകൾ നിലവിൽ മീറ്റേഡ് ആക്കി മാറ്റുന്നതിനായി ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (29/16.08.23) മുഖേന ആവശ്യപ്പെട്ടതിന് ഭരണസമിതി തീരുമാനപ്രകാരം കെ എസ് ഇ ബി-യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകൾ മീറ്ററിംഗ് ആക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന് മറുപടി ലഭ്യമാക്കി. അൺമീറ്റേഡ് വിളക്കുകൾ മീറ്റേഡ് ആക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അൺമീറ്റേഡ് തെരുവുവിളക്കുകളുടെ വൈദ്യുത ബിൽ ക്രമീകരിക്കേണ്ടതുമാണ്.

II) തെരുവു വിളക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, തെരുവ് വിളക്ക് മെയിന്റനൻസ് എന്നീ പ്രൊജക്ടുകൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട്	അടങ്കൽ	ചെലവ്	ചെക്ക് നം./തീയതി
61/23, തെരുവു വിളക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ	490000	202475	240/17.03.23
62/23, തെരുവ് വിളക്ക് മെയിന്റനൻസ്	490000	354628	239/17.03.23

രണ്ടു പ്രൊജക്ടുകളിലും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത ലക്ഷ്മി ഇലക്ട്രിക്കൽസ് ആലത്തൂരിന്റെ ടെണ്ടർ അംഗീകരിക്കുകയും 31.03.23 വരെയുള്ള കാലയളവിലേക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. വാങ്ങൽ Gem ലൂടെ നടപ്പിലാക്കിയിട്ടില്ല – ടെണ്ടർ മുഖേനയാണ് തെരുവു വിളക്കുകൾക്ക് ആവശ്യമായി ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. വാങ്ങലുകൾ Gem മുഖേന നടത്തി കരാറുകാരന് റിപ്പയർ ചുമതല മാത്രം നൽകുന്ന രീതിയിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

2) റീ-ടെണ്ടർ സാധ്യത പരിശോധിച്ചിട്ടില്ല - മേൽ പ്രൊജക്ടുകൾക്കായി നടത്തിയ ടെണ്ടറിൽ രണ്ട് ടെണ്ടറുകളാണ് ലഭ്യമായിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത ശ്രീ പി എസ് വെങ്കിട്ടരമണൻ-പെരുങ്കുളം, ശ്രീ രമേഷ്, തൃപ്പാളൂർ എന്നിവരിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ പി എസ് വെങ്കിട്ടരമണൻ - ന്റെ ടെണ്ടർ അംഗീകരിച്ചു. വിലയിരുത്തൽ നടത്തിയതിനു ശേഷം ഒരു ടെണ്ടർ മാത്രം അവശേഷിച്ച സാഹചര്യത്തിൽ റീടെണ്ടർ സാധ്യത പരിശോധിച്ചിട്ടില്ല.

3) വാറണ്ടി കാലയളവ് നിലനിൽക്കുന്ന വിളക്കുകളുടെ എണ്ണം നിശ്ചയിച്ചിട്ടില്ല – വാറണ്ടി കാലയളവ് നിലനിൽക്കുന്ന വിളക്കുകൾ, സർവ്വീസ് കാലാവധി പൂർത്തിയായതും നിലവിൽ തകരാറിലായവ എന്നിങ്ങനെ തെരുവുവിളക്കുകളുടെ എണ്ണം വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സ്ഥാപനം നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം

മനസ്സിലാക്കുവാൻ കഴിയുന്നത്. ഓരോ വാർഡിലേയും റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം എന്ന രീതിയിലാണ് സ്ഥാപനം ലിസ്റ്റ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ പുതിയതായി ഉപയോഗിച്ചവ, റിപ്പയർ ചെയ്ത ഉപകരണങ്ങൾ, റിപ്പയർ ചെയ്തവയിൽ വാറണ്ടി കാലയളവ് നിലനിൽക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

4) സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരങ്ങൾ ലഭ്യമല്ല - തെരുവുവിളക്കുകൾ റിപ്പയർ ചെയ്ത് കത്തിച്ചിട്ടുണ്ടെന്ന കരാറുകാരന്റെ കത്ത്, ജനപ്രതിനിധികളുടെ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ മെയിന്റനൻസിനായി സർവീസ് ചാർജ് നൽകിയിരിക്കുന്നു. രണ്ടു പ്രവൃത്തികളും നടത്തുന്നത് ഒരേ കരാറുകാരനായതിനാൽ മെയിന്റനൻസിനായി പലതവണകളായി വാങ്ങുന്ന ഉപകരണങ്ങൾ പഞ്ചായത്ത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാതെ കരാറുകാരൻ നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഉപയോഗ ശൂന്യമായി ഒഴിവാക്കുന്ന ഉപകരണങ്ങളെ സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും ഇല്ല.

5) പല ഇൻവോയ്സുകളിലായി 9W LED Bulb 511 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും രേഖകൾ പ്രകാരം 507എണ്ണം റിപ്പയർ ചെയ്തതിന്റെ വിവരമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

6) ഇൻവോയ്സ് നം.322/29.07.22 പ്രകാരം 24 LED Tube -കളുടെ സർവീസ് ചാർജായി 7200രൂപ നൽകിയിരിക്കുന്നു. എന്നാൽ കരാർ പ്രകാരം സർവീസ് ചാർജ് ആയി നിശ്ചയിച്ച 275രൂ പ്രകാരം 24 LED Tube -കൾക്ക് നൽകേണ്ട തുക 6600രൂപയാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (29/16.08.23) താഴെചേർക്കുന്ന മറുപടി ലഭ്യമാക്കി.

*തെരുവു വിളക്ക് പരിപാലനം അടിയന്തിരമായും സമയബന്ധിതമായും ചെയ്യേണ്ടതിനാലും ജെം മുഖേന വാങ്ങലുകൾ നടത്തുമ്പോൾ കാലതാമസം നേരിടുമെന്ന് ഭരണസമിതി വിലയിരുത്തലിൻ പ്രകാരമാണ് വാങ്ങലുകൾ ടെണ്ടർ മുഖേന നടത്തിയത്.

*തെരുവു വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നതാണ്.

*അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-33 കുടിവെള്ള വിതരണം

പഞ്ചായത്തിന്റെ പരിധിയിലുള്ള 16 വാർഡുകളിലും കുടിവെള്ളം ലഭ്യമാക്കുന്നത് പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളിലൂടെയും ഗ്രണഭോക്തൃസമിതികൾക്ക് കൈമാറിയ ചെറിയ കുടിവെള്ള പദ്ധതികളിലൂടെയുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പൊതുടാപ്പുകൾ നിലവിൽ പഞ്ചായത്തിലില്ല.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ, ഓഡിറ്റ് അന്വേഷണത്തിന് (13/09.08.23) ലഭ്യമാക്കിയ മറുപടി എന്നിവയിൽ നിന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന കുടിവെള്ള പദ്ധതികളും ഇവ ഉപയോഗപ്പെടുത്തുന്ന വാർഡുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കുടി വെള്ള പദ്ധതി	വാർഡുകളുടെ വിവരങ്ങൾ
01	ഏടാംപറമ്പ്	3,4,5,6,7,8,9,15,16,11 (16,11 വാർഡുകളുടെ പകുതി ഭാഗങ്ങളിൽ)

02	കാട്ടുശ്ശേരി	10,11 (11-ന്റെ പകുതി പ്രദേശങ്ങളിൽ)
03	പുതിയങ്കം	Boosted To Edamparambu
04	ഇരട്ടക്കുളം	13
05	പെരിങ്ങാട്ടുകുന്ന്	16
06	വടക്കപ്പറമ്പ്	13 (വടക്കപ്പറമ്പ് മാത്രം)
07	പള്ളിപ്പറമ്പ്	Boosted To Edamparambu
08	പുതുപ്പാളയം	Boosted To Edamparambu
09	നെല്ലിക്കാട്	നെല്ലിക്കാട് മാത്രം
10	പൊട്ടിമട	പൊട്ടിമട മാത്രം

കുടിവെള്ള പദ്ധതികളിൽ നിലവിൽ പ്രാധാന്യം അർഹിക്കുന്നത് ഏടാംപറമ്പ് കുടിവെള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ നിന്നാണ് പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലേക്കും കുടിവെള്ള വിതരണം നടത്തിവരുന്നത്.

ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ പദ്ധതികൾ

ക്രമ. നം.	ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ പദ്ധതികൾ	കൈമാറിയ വർഷം	ഗുണഭോക്താക്കളുടെ എണ്ണം
1	കാടാംങ്കോട് വാലിപ്പറമ്പ്	2018	123
2	വടക്കുമറി-കുന്നത്ത് തൊടി	2013	163
3	അരങ്ങാട്ടുപറമ്പ്	2014	61
4	തെക്കുമുറി	2002	230
5	കിഴക്കൻകാട്	2010	52
6	കുണ്ടുകാട്	2021	47
7	മരുതംകാട്-നെടുങ്ങോട്ടുപറമ്പ്	2017	235
8	ചിറ്റപ്പറമ്പ്	2005	14
9	ഞെരിഞ്ഞാംകുളമ്പ്-രക്കംകുളം	2017	160
10	വാന്നൂർ-കീഴ്പ്പാടം-നെട്ടാത്തുകുളമ്പ്	2014	200
11	കുറുവട്ട	2019	18
12	മലമ്പള്ള-പടിഞ്ഞാറെത്തറ	2017	35

13	ചിറക്കാട്	2017	62
14	ചീകോട്	2013	18
15	വാന്നൂർ-കുന്നങ്കാട്-ചാമക്കാട്	2012	292
16	കുന്നംപറമ്പ്	2020	47

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള ചെലവ്

വൈദ്യുതി ചാർജ്ജ്	4777596
പമ്പ് ഓപ്പറേറ്റർമാരുടെയും വാട്ടർമീറ്റർ റീഡറുടെയും വേതനം	1161172
ആകെ	59,38,768/-

കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് ചെലവ്

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി വിവിധ പ്രൊജക്ടുകൾ മുഖേന താഴെപ്പറയും പ്രകാരം ചെലവു ചെയ്തിട്ടുണ്ട്.

പ്രൊജക്ട്	ചെലവ്
220/23, കുടിവെള്ള മോട്ടോർ മെയിന്റനൻസ്	204712
214/23, കുടിവെള്ള പൈപ്പ് ലൈൻ മെയിന്റനൻസ്	116555
64/23, കുടിവെള്ള പദ്ധതികളുടെ മോട്ടോർ മെയിന്റനൻസ്	469849
65/23, കുടിവെള്ള പദ്ധതികളുടെ മോട്ടോർ മെയിന്റനൻസ്	479863
14/23,കുടിവെള്ള പദ്ധതികളുടെ മോട്ടോർ മെയിന്റനൻസ് (So)	184672
17/23, സ്വാതി ജംഗ്ഷൻ തെക്കുംമുറി റോഡ് (So)	72173
ആകെ ചെലവ്	1527824

പദ്ധതികളുടെ കീഴിലുള്ള ഗാർഹിക /ഗാർഹികേതര കണക്ഷനുക ൾ

	ഗുണഭോക്താക്കളുടെ എണ്ണം
ഗാർഹിക കണക്ഷൻ	3763
ഗാർഹികേതര കണക്ഷൻ	165
ആകെ	3928

ഗാർഹിക കണക്ഷന് 70 രൂപ നിരക്കിലും ഗാർഹികേതര കണക്ഷന് 150 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കിവരുന്നത്. 16.12.2013 തീയ്യതിയിലെ 14-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം 01.01.2014 തീയതിയിലാണ് വെള്ളക്കരം വർദ്ധിപ്പിച്ചിരിക്കുന്നത്.

വെള്ളക്കര കുടിശ്ശിക വിവരങ്ങൾ

ഡിമാന്റ്	കളക്ഷൻ	ബാലൻസ്
4435363	1334152	31,01,211

തൻവർഷത്തെ വരവ്

ഡിമാന്റ്	കളക്ഷൻ	ബാലൻസ്
3544565	2216353	13,28,212

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള ആകെ ചെലവ് 74,66,592/- രൂപയും വെള്ളക്കരം ഇനത്തിൽ ആകെയുള്ള വരവ് 3550505/- രൂപയുമാണ് . കുടിവെള്ള പദ്ധതികൾക്കായി പഞ്ചായത്തിന് ഓരോ വർഷവും തനത് വരുമാനത്തിന്റെ നല്ലൊരു ഭാഗം ചെലവഴിക്കേണ്ടതായി വരുന്നു. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനുള്ള ചെലവ് കുറയ്ക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി 23-24-ൽ സ്ഥലം വാങ്ങുകയും ജലസംഭരണിയുടെ നിർമ്മാണം നടന്നുവരുകയും ചെയ്യുന്നുണ്ട്. ഇതിനായി പഞ്ചായത്ത് വിഹിതം അടവാക്കിയത്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായില്ല. അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം	52/23(ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ(ഹോമിയോ)
അടങ്കൽ	350000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ്	350000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ബിൽ നം/ തിയതി	1/22-23, തിയതി.30.09.2022, തുക.350000/-

ആലത്തൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2022-23 വർഷത്തിൽ 350000/- രൂപ ദി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No. 34306403911) കൈമാറിയിട്ടുണ്ട്.
ഫയൽ പരിശോധിച്ചതിൽ, 258495/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയായിട്ടും ലഭ്യമായിട്ടുള്ളത്. 91505/- രൂപയുടെ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി. ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം/ തീയതി	ലഭിച്ച മരുന്നുകൾ (₹)
LF-153/ 31.05.2023	161176/-
LF-457/ 05.07.2023	97319/-
ആകെ	258495/-

തുക കൈമാറി നാളിതുവരെയായിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ, മരുന്നുകൾ ലഭിക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/09.08.2023) മരുന്നുകൾ ലഭിക്കുന്നതിന് ഹോംകോ മാനേജിങ്ങ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.
മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ഇ ടെണ്ടർ ഫോം വില- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല

ടെണ്ടർ ഫോം വില കാലതാമസം കൂടാതെ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർചെയ്യേണ്ടതാണ്.

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റാവുന്നുണ്ട് . വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ–ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള SBI- 37274719654 എന്ന അക്കൗണ്ടിലാണ് ഇ- ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ടിൽ നിലവിൽ 303186 രൂപ നീക്കിയിരുപ്പുണ്ട്.

ഓഡിറ്റ് എൻക്വയറി – 31/16.08.2023 ന് അസി.എഞ്ചിനീയർ മറുപടി നൽകിയില്ല) അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്കിയിരിപ്പുള്ള തുക അടിയന്തിരമായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇടെണ്ടർ ഫോം വില വരവ് വരുന്ന മുറയ്ക്ക് സമയബന്ധിതമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

1-36 മരാമത്ത് പ്രവൃത്തികൾ -പദ്ധതി മാർഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ.(കൈ)നം. 84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ആകെ 71 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക,ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത വ്യവസ്ഥയും നടപ്പിൽ വരുത്തിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് പൊതുമരാമത്ത് പ്രവൃത്തികൾ വിധേയമാക്കേണ്ടതും മേൽ പരാമർശിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-37 പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

പ്രൊ.നം.127/21-കുറുവട്ട നാല് സെന്റ് കോളനി DWS

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

അടങ്കൽ - 399800

എഗ്രിമെന്റ്- 32/17-12-21 –(7 മാസം)

കരാറുകാരൻ - ശ്രീ.ഹക്കീം

അളവു പുസ്തകം നം. 384/2021-22

ചെലവ് -

(1st Partബിൽ നം. 37/29-3-22-116269

2 Nd Part Bill- 267/24.3.23- 148440

2012 ലെ PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തിയുടെ കാലാവധി രണ്ടുതവണയായി പിഴയോടുകൂടിയോ അല്ലാതെയോ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആകെ കാലാവധിയുടെ അമ്പത് ശതമാനത്തിൽ കൂടുതൽ കാലയളവിലേക്ക് കാലാവധി ദീർഘിപ്പിച്ചു നൽകുവാനും പാടുള്ളതല്ല.

എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. കരാർ പ്രകാരം 17-07-2022 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഭൂജലവകുപ്പ് 14.2.22 ന് ബോർവെല്ലിന് സ്ഥാനം നിർണ്ണയിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് ആവശ്യത്തിന് ജലം ലഭ്യമായില്ല. അതിനാൽ കരാറുകാരൻ 1.11.22 വരെ സമയം ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചു. വീണ്ടും 9.5.22 ന് സ്ഥലം പെഗ്മാർക്ക് ചെയ്തു നൽകി . ബോർവെല്ലിനായി സ്ഥാനം നിർണ്ണയിക്കുന്നതിന് നാട്ടുകാർ തർക്കം ഉന്നയിച്ചതിനാൽ സമയം 23.12.22 വരെ വീണ്ടും ദീർഘിപ്പിച്ചു നൽകി . സ്ഥലത്തേക്ക് ഉള്ള റോഡ് വീതി കുറവായതിനാൽ 150 Mm Borewell Model Tipper ലഭിക്കാൻ കാലതാമസം വന്നു എന്ന അപേക്ഷയിന്മേൽ കരാറുകാരന് 14.2.23 വരെ വീണ്ടും സമയം നൽകി. സ്ഥലം സംബന്ധിച്ച പരാതി കാരണം വീണ്ടും 8.4.23 വരെ സമയം അനുവദിച്ചു. RE Dt 31.3.23 പ്രകാരം 3 ബോർവെല്ലിന് തുക വകയിരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. ബോർവെല്ലിലെ ജലലഭ്യത സംബന്ധിച്ച് 27.5.23 ന് യീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർ പ്രവൃത്തികൾ നടത്തി ഫൈനൽ ബിൽ നൽകിയിട്ടില്ല

പ്രവൃത്തികളുടെ കാലാവധി നീട്ടി നൽകുമ്പോൾ PWD മാന്വലിലെ വ്യവസ്ഥകൾ പാലിക്കുവാൻ പരമാവധി ശ്രമം നടത്തേണ്ടതും നിയമാനുസൃതം പിഴ ഈടാക്കേണ്ടതുമാണ്. കൂടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-38 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്

(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കൃത്യമായും

കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കുവാനും . റോഡ് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ - ജി.ഒ (എം.എസ്) 84&86/2022/ത.സ്വ.ഭ.വ /19.04.22 പ്രകാരം ഡ്രെയ്നേജ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/11.8.23 ന് മറുപടി ലഭിച്ചില്ല . സർക്കാർ മാർഗനിർദേശപ്രകാരം ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-39 ലാപ്ടോപ് വാങ്ങൽ - അപാകതകൾ

1. പ്രൊജക്ട്നമ്പർ- 73/22-23 – എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

വകയിരുത്തിയ തുക- 400000

ചെലവുതുക- 331992 (ബിൽ നമ്പർ 3/24.3.23)

നിർവഹണം - അസി.സെക്രട്ടറി

പദ്ധതി പ്രകാരം 8 എസ്.സിവിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകിയിട്ടുണ്ട്. ജെം മുഖേനയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

നിർവഹണഉദ്യോഗസ്ഥൻ നൽകിയ Golden Filter താഴെ പറയും പ്രകാരമാണ്.

512 SSD, 3 Year Onsite Warranty, Linux/ Windows 10 Pro964 Bits),

ഡിമാന്റ് നമ്പർ 511687766182688 പ്രകാരം ജെമ്മിൽ നിന്നുള്ള 25.1.23 തിയതിയിലെ Comparison Sheet ൽ L1 (ഐഡിയൽ കംപ്യൂട്ടിംഗ്, യാക്കര, പാലക്കാട്) ആയി രേഖപ്പെടുത്തിയിട്ടുള്ളത് 319711.04/- രൂപയാണ്.

Acer Intel Core I 3 14" Model No- TMP214-53 .

തുടർന്ന് പ്രസ്തുത ഡിമാന്റ് നിർവഹണ ഉദ്യോഗസ്ഥൻ ക്യാൻസൽ ചെയ്തിട്ടുണ്ട്. പരിശോധനയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള SPEC ഇല്ലാത്തതിനാൽ ഓർഡർ ക്യാൻസൽ ചെയ്തു എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

വീണ്ടും 8.2.23 ൽ 511687786967047/8-2-23 പ്രകാരം ജെമ്മിൽ നിന്നുള്ള Comparison Sheet ലെ L1 - 331992 രൂപയ്ക്ക് Acer Intel Core I 3 14" Model No- TMP214-53 വാങ്ങിയതായി കാണുന്നു. Ideal Computing, പുഴക്കൽ, യാക്കര എന്ന സ്ഥാപനത്തിൽ നിന്ന് തന്നെയാണ് വാങ്ങിയത്.

25.1.23ലെ ഡിമാന്റ് ക്യാൻസൽ ചെയ്ത് അതേ സ്പെസിഫിക്കേഷനുള്ള Model No- TMP214-53 തന്നെ 8.2.23 ന് അതേ സ്ഥാപനത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങിയതിനുള്ള കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് - 14/10.8.23 മറുപടിയായി ലഭ്യമായ ലാപ് ടോപുകളുടെ ഭൗതികപരിശോധനയിൽ 512 SSD ഉണ്ടെങ്കിലും കമ്പനിയുടെ സൈറ്റിൽ പ്രസ്തുത ലാപടോപ്പുകൾ 512 SSD ഉള്ളവയല്ല എന്ന് കണ്ടതിനാൽ പ്രസ്തുത സപ്ലൈ റിജക്ട് ചെയ്തു എന്നാണ് അറിയിച്ചത്. എന്നാൽ ജെമ്മിൽ ഓർഡർ ക്യാൻസൽ ചെയ്തപ്പോൾ പ്രസ്തുത വിവരം നൽകുകയോ സപ്ലെയർക്കെതിരെ പരാതി നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ സപ്ലെയറിൽ നിന്നും യഥാർത്ഥ സ്പെസിഫിക്കേഷൻപ്രകാരമുള്ള ലാപ് ടോപുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിയതായി രേഖയില്ല.

കുറഞ്ഞ നിരക്കിലുള്ള ഓർഡർ ക്യാൻസൽ ചെയ്ത് അതേ സപ്ലെയറിൽ നിന്നും ഉയർന്ന നിരക്കിൽ

ലാപ്ടോപ്പ് വാങ്ങിയതിനാൽ 12281 രൂപ (331992-319711) അധികചെലവുണ്ടായി . ഭാവിയിൽ പർച്ചേസ് നടത്തുമ്പോൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഫലവൃക്ഷത്തൈ വിതരണം- സബ്സിഡി തുക അധികം നൽകി

പ്രോജക്ട് നം.	114/23 (ഞങ്ങളും കൃഷിയിലേയ്ക്ക്-ഫലവൃക്ഷത്തൈകളുടെ വിതരണം)
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	50000/- വികസനഫണ്ട് (ജനറൽ)
ചെലവ്	13800/- വികസനഫണ്ട് (ജനറൽ)
ബിൽ/സാങ്ഷൻ നം, തിയതി	1) 24/30.11.2022, 4000/- 2) 65/20.03.2023, 9800/-

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി ആലത്തൂർ ഗ്രാമപഞ്ചായത്തിലെ കർഷകരുടെ ഭക്ഷ്യസുരക്ഷയ്ക്കായി വാഴ, മാവ്, പ്ലാവ്, സപ്പോട്ട, പേര തുടങ്ങിയ ഫലവൃക്ഷങ്ങളുടെ ഗുണമേന്മയേറിയ തൈകൾ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട്.

ടി പ്രോജക്ടിന്റെ ഭാഗമായി തൈകൾ വാങ്ങുകയും അവയുടെ വില ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുകയും തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

Invoice No/ Date	സ്ഥാപനം	വാങ്ങിയത്	തുക
278/18.11.2022	കേരള കാർഷിക വികസന കർഷക ക്ഷേമവകുപ്പ്	Rooted Pepper Cuttings (500 എണ്ണം)	4000/-
1345/ 15.03.2023	ആലത്തൂർ ബ്ലോക്ക് അഗ്രോ സർവ്വീസ്	1) മാവിൻ തൈ (14 എണ്ണം) 2) സപ്പോട്ട തൈ (14 എണ്ണം) 3)പ്ലാവിൻ തൈ (14 എണ്ണം)	9800/-
ആകെ			13800/-

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022-ലെ ഖണ്ഡിക 6.1.5 പ്രകാരം ഫല-പുഷ്പ-ഔഷധ കൃഷിയ്ക്കുള്ള വിത്തുകളും തൈകളും തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റികുരുമുളക് തൈകൾ മുതലായവ വാങ്ങുന്നതിന് പൊതുവിഭാഗത്തിനുള്ള പരമാവധി സബ്സിഡി 75% ആണ്.

ടി പ്രോജക്ടിന്റെ ഭാഗമായി ഫല വൃക്ഷതൈകൾ, കുരുമുളക് തൈകൾ എന്നിവ മേൽപ്പറഞ്ഞ പ്രകാരം വാങ്ങുകയും ഗുണഭോക്തൃവിഹിതം ഇല്ലാതെ 100% തുകയും സബ്സിഡിയായി സ്ഥാപനത്തിന് വികസന

ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഫല വൃക്ഷതൈകൾ, കുരുമുളക് തൈകൾ വാങ്ങുന്നതിന് നൽകാവുന്ന പരമാവധി സബ്സിഡി 10350/- (13800X75%) രൂപയാണ്. എന്നാൽ 13800/- രൂപ സബ്സിഡി ഇനത്തിൽ തൈകൾ വാങ്ങിയ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 3450/- രൂപ വികസന ഫണ്ട് അധികമായി നൽകി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/09.08.2023) മറുപടി ലഭിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 3450/- രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-23	5.08.2023 മുതൽ 16.08.2023 വരെ	ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	2210920	മാളികപറമ്പ് ഡ്രൈനേജ് പദ്ധതി -8/23	1307985	902935
		100000	അങ്കണവാടി പോഷകാഹാരം 89/23	100000	
		120000	പാലിന് സബ്സിഡി -87/23	120000	
		480000	ലൈഫ് മിഷൻ - 55/23	480000	
		125000	ഭിന്നശേഷി സ്കോളർഷിപ്പ് -91/23	125000	
ആകെ ബ്ലോക്ക്		3035920		2132985	902935
ജില്ല പഞ്ചായത്ത്		30000	ആശ്രയ	0	30000

		1703045	നെൽകൃഷിക്ക് കൂലിചെലവ് - 85/23,90/23	1703045	
		105000	ക്ഷീരകർഷകർക്ക് സബ്സിഡി- 87/23, 93/23	105000	
ആകെ ജില്ല		1838045		1808045	30000

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി
KSEB-ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ	5/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	214/14.03.23	999992	0	999992
KSEB ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ	69/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ് സി)	262/23.03.23-155123 315/28.03.23-41300	196423	0	196423
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	227/23, ഇരട്ടക്കുളം, കുമ്പളക്കോട്, ചിറക്കാട് കുടിവെള്ള പദ്ധതികൾക്ക് ബോർവെൽ	174/06.02.23	122900	122900	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ്	GO(MS)No.	24069333	20944000	2429259		18514741

മിഷൻ-ഭവന നിർമ്മാണം	68/2018. LSGD Dt.18.5.2018					

4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷികകണക്കിൽ 2000 രൂപ ഇൻവെസ്റ്റ്മെന്റായി രേഖപ്പെടുത്തിയെങ്കിലും ആയതിന്റെ വിശദവിവരം ലഭ്യമായില്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 74380/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2012-13, 13-14	3-2A	16315	ശ്രീ.എം.മുരളീധരൻ കോൺട്രാക്ടർ	1220102784/ 22.7.22
"	3-2-B-1	7835	ശ്രീ.ടി.കെ.പ്രേംകുമാർ കരാറുകാരൻ	1220102785/ 22.7.22
	3-2-b-3	6824	ശ്രീ.ടി.കെ.പ്രേംകുമാർ കരാറുകാരൻ	1220102786/ 22.7.22
	3-2--B-4	12867	ശ്രീ.എം.ശ്രീധരൻ കരാറുകാരൻ	122010278/ 22.7.22
	3-2-b-2	3000	ശ്രീഹരിദാസ് കരാറുകാരൻ	1220102812/ 25.7.22
2014-15	11	8595	ശ്രീ.എം.ശ്രീധരൻ കരാറുകാരൻ	1220103965/ 16.9.22
ഓഡിറ്റ് എൻകൗയറി-18/29.9.22		18944	ശ്രീ.ബിന്ദ്യേഷ് ഭാസി ക്ലർക്ക്	1220104397/ 29.9.22
		74380		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ സ്ഥിതി
പ്രവർത്തന ക്ഷമതാ റിപ്പോർട്ട്	-	2012-13	3-1	പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ-ഖരമാലിന്യ പരിപാലനം	LFAC റിപ്പോർട്ട് നം. 65 ലെ ശുപാർശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	:	10839502
ഓഡിറ്റ് വർഷത്തെ വരവ്	:	55081147
ആകെ		65920649
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	52484265
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	3450
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	--130000

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		3450	ശ്രീമതി,രശ്മി.എം.വി കൃഷിഓഫീസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	130000	ശ്രീ.മനോജ് ഹെഡ്മാസ്റ്റർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
ഒന്നുമില്ല	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	നിലവിൽ ഔദ്യോഗിക മേൽവിലാസം	മേൽവിലാസം
ശ്രീമതി,രശ്മി.എം.വി കൃഷിഓഫീസർ	കൃഷിഓഫീസർ ആലത്തൂർ	Ray& Lights വടക്കഞ്ചേരി പാലക്കാട്
ശ്രീ.മനോജ്.കെ	ഹെഡ്മാസ്റ്റർ, ആലത്തൂർ	ചരചാറ്റൽ ഹൗസ്

		പകാട് മുടപ്പല്ലൂർ (പിഒ) പാലക്കാട്

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം
1996-97	എൽ.എഫ്.പി9/434/98/16.12.98	4
1997-98	എൽ.എഫ്.പി9/726/99/ 9.10.2000	3
1998-99	എൽ.എഫ്.പി10/1193/ 9.4.03	1
1999-2000	എൽ.എഫ്.പി10/808/04/ 31.3.06	9
2000-01	എൽ.എഫ്.പി10/809/04/ 31.1.06	11
2001-02	എൽ.എഫ്.പി10/954/06/ 4.10.06	12
2002-03	എൽ.എഫ്.പി10/324/04/ 30.3.07	8
2003-04	എൽ.എഫ്.പി10/335/08/ 23.6.09	9
2004-05	എൽ.എഫ്.പി10/336/08/ 23.6.09	6
2005-06	എൽ.എഫ്.പി10/337/08/ 23.6.09/	6
2006-07	എൽ.എഫ്.പി10/338/08/ 23.6.09	6
2007-08	എൽ.എഫ്.പി10/398/11/ 26.8.11	9
2008-09	എൽ.എഫ്.പി10/399/11/ 26.8.11	3
2009-10,2010-11	എൽ.എഫ്.പി10/1890/12/ 4.11.12	8
2011-12	എൽ.എഫ്.പി10/496/14/ 8.4.14	4
2012-13&2013-14	കെ.എസ്.എ-പികെഡി10/1519 /15/19-11-15	5

2014-15	നം. കെ.എസ്.എ-പികെഡി-10/1449/2016/10-8-2016	25
2015-16	നം. കെ.എസ്.എ-പികെഡി-10-2324/2016 തീ.28.12.2016	11
2016-17	നം. കെ.എസ്.എ-പികെഡി-10-1897/2017 തീ. 24.10.17	26
2017-18	നം.കെ.എസ്.എ-പികെഡി10-2458/2018 തി. 12.02.2018.	12
2018-19	നം.കെ.എസ്.എ-പികെഡി10-2458/2018 തി. 12.02.2018.	23
2019-20	നം.കെ.എസ്.എ-പികെഡി10-1007/21 തീയതി 13.08.21	മുഴുവൻ ഖണ്ഡികകളും
2020-21	നം.കെ.എസ്.എ-പികെഡി10-1023/2021 തിയതി 25.08.2021	15
2021-22	നം.കെ.എസ്.എ-പികെഡി10-2145/2022 തിയതി 15.12.22	മുഴുവൻ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 22-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Alathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Alathur Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director
District Office Palakkad
Kerala State Audit Department

Audit Report appended to the Audit Certificate of Alathur Grama Panchayat for the Year 2022-2023.

1.Major Observations

.

2.Other Observations

1.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

2 The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes to accounts

3.The demand registers are not periodically reconciled with accounts

4.Lapses in making timely and accurate demand entries in respect of tax & non tax revenues

5.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset

register.

6. Demand register does not match with financial statements

a).water charge

b).License

c). Rent

7. amount paid in advance to KSEB for deposit work not accounted under the head Advance to implementing agencies

8.Panchayat Fund- Opening balance does not match with previous years closing balance.

9. Amount shown as closing balance of Joint venture in previous years accounts not carried forward to current year

10.Non production of share certificates for physical verification

11. undue delay in crediting amounts in E payment bank accounts.

12. Amount credited in bank shown in reconciliation statement as amount deposited but not credited

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure -3

വാർഷികകണക്കുകൾ

Alathur Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	10457241.00
Cash	Cash	RP-40(a)	382261.00
	Operating		
110000000	Tax Revenue	RP-1	4363160.00
130000000	Rental income from Panchayat Properties	RP-3	0.0
140000000	Fees & User Charges	RP-4	1101652.00
150000000	Sale & Hire Charges	RP-5	354939.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	13375000.00
171000000	Interest Earned	RP-9	151245.00
220000000	Administrative Expenses	RP-13	0.0
256000000	Other Revenue Grants and Funds - Revenue Expenses	RP-20	2250.00
311000000	Earmarked Funds	RP-28	5200.00
320000000	Grants, Funds & Contributions for Specific Purposes	RP-30	15672437.00
431000000	Sundry Debtors (Receivables)	RP-45	17958155.00
460000000	Loans, Advances and Deposits	RP-49	512322.00
	Non Operating		
180000000	Other Income	RP-10	74380.00
340000000	Deposits Received	RP-33	111792.00
350000000	Other Liabilities	RP-35	1398615.00
	Grand total		131841298.00
	PAYMENTS		
	Operating		
140000000	Fees & User Charges	RP-4	4046.00
220000000	Administrative Expenses	RP-13	4293.00
431000000	Sundry Debtors (Receivables)	RP-45	5120746.00
460000000	Loans, Advances and Deposits	RP-49	1049267.00
	Non Operating		

340000000	Deposits Received	RP-33	135402.00
350000000	Other Liabilities	RP-35	46170511.00
	Closing Balance		
	Bank	RP-40(b)	13108847.00
Cash	Cash	RP-40(b)	327537.00
	Grand Total		131841298.00

Alathur Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	11832300.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	2240133.00
140000000	Fee & User Charges	I-4	5754566.00
150000000	Sale & Hire Charges	I-5	356039.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	117461289.00
171000000	Interest Earned	I-8	151245.00
180000000	Other Income	I-9	74380.00
190000000	Prior Period Income	I-19	0.0
	Total Income		275739904.00
	EXPENDITURE		
210000000	Establishment Expenses	I-10	23364755.00
220000000	Administrative Expenses	I-11	1241998.00
230000000	Operations & Maintenance	I-12	7712914.00
240000000	Interest & Finance Charges	I-13	9442.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	9118593.00
251000000	Decentralised Plan Programme-	I-14(A)	25557672.00

	Service Sector		
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	9315019.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	14445949.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	46567700.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1454965.00
272000000	Depreciation	I-17(A)	8117023.00
	Total Expenditure		293812060.00
	Gross Surplus / Deficit of income over Expenditure		-18072156.00
	Gross Surplus / Deficit of income over Expenditure		-17609425.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	-462731.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		-462731.00

Balance sheet			
As on 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	33883128.70
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	25698.00
312000000	Reserves	B-3	81734494.00
	Total Reserve & Surplus		231286641.40
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	7663537.00

	Total Grants, Contributions for Specific Purposes		15327074.00
	Loans		
330000000	Secured Loans	B-5	18514741.00
331000000	Unsecured Loans	B-6	0.0
	Total Loans		37029482.00
	Current Liabilities & Provisions		
340000000	Deposits Received	B-7	999905.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3074295.30
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		8148400.60
	TOTAL LIABILITIES		291791598.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	3446236.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	0.0
414000000	Annual Plan - Capital Expences (Service Sector)	B11-(d)	32461677.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	105282915.00
416000000	Accumulated Depreciation	B-11(a)	-39311051.00
	Total Fixed Assets		203759554.00
	Investments		
420000000	Investments-General Fund	B-12	2000.00

421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		4000.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	10135191.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	18514741.00
450000000	Cash and Bank Balance	B-17	13436384.00
460000000	Loans, Advances and Deposits	B-18	1927706.00
461000000	Accumulated Provisions against Loans,Advances	B-18(a)	0.0

	and Deposits		
	Total Current Assets, Loans and Advances		88028044.00
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		0.0
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		0.0
	TOTAL ASSETS		291791598.00

ഡെപ്യൂട്ടി ഡയറക്ടർ